# സ്വലാത്തിന്റെ പുണ്യം

ശാഹ് അബ്ദുസമീഹ് ജീലാനി പുത്തനത്താണി

*സത്യമാർഗ്ഗം* പബ്ലിക്കേഷൻസ്
*ശാഹ് ജീലാനി അസോസിയേഷൻ*
*ജീലാനി ശരീഫ്, കിഴക്കേദേശം.*

# Salathinte Punyam

(malayalam)

by,

**Shah Abdu Sameeh Jeelani Puthanathani**

Published by:

Sathyamargam Publication

Shah Jeelani Association

Kizhakkedesham, Aluva

Typing&Layout:

Shah Muhyideen Jeelani

Cover

Shah Kunhahammed Jeelani

Printing:

4prints offset press, manjeri

Price:

**Rs: 40**

Copy right:

Sathyamargam Publication

Shah Jeelani Association

Kizhakkedesham, Aluva

Ernakulam,683102

# ശാഹ് അബ്ദുസമീഹ് ജീലാനി

പേര് :ശാഹ് അബ്ദുസമീഹ് ജീലാനി

ജനനം :1-06-1990ൽ മലപ്പുറം ജില്ലയിലെ പുത്ത നത്താണിയിൽ

പിതാവ് :അരീക്കാടൻ ബീരാൻകുട്ടി ഹാജി

മാതാവ് :നഫീസ

പ്രാഥമിക വിദ്യാഭ്യാസത്തിന് ശേഷം ഉന്നത മത പഠനത്തിനായി വളാഞ്ചേരിയിലെ ശൈഖ് ജീലാനി ഇസ്‌ലാമിക് അക്കാദമിയിൽ ചേർന്നു. 2011 ൽ ശാഹ് ജീലാനി ബിരുദം ലഭിച്ചു.

21-07-210 വ്യാഴാഴ്ച ഖുതുബുസ്സമാൻ ശൈഖ് യൂസുഫ് സുൽ ത്താൻ ശാഹ് ഖാദിരി ചിശ്തിയുമായി ഖാദിരിയ്യ ത്വരീഖത്തിൽ ബൈഅത്ത് ചെയ്തു.

മഹാനവർകളിൽ നിന്ന് ചിശ്തി ത്വരീഖത്തിന്റെ ഖിലാഫത്തും ലഭിച്ചിട്ടുണ്ട്.

# ഉള്ളടക്കം


1. മുഹമ്മദുർറസൂലുല്ലാഹി(സ)
2. സ്വലാത്തില്ലെങ്കിൽ പ്രാർത്ഥന തള്ളപ്പെടും
3. ഫലരഹിതമായ സംഗമങ്ങൾ
4. ഏറ്റവും വലിയ പിശുക്കൻ
5. മലക്കുകളുടെ ഓഫർ
6. സ്വർഗ്ഗത്തിലേക്കുള്ള വഴി
6. സ്വലാത്തും ശഫാഅത്തും
7. റസൂൽ(സ) കേൾക്കുന്ന സ്വലാത്ത്
8. സ്വർഗ്ഗത്തിലേക്കുള്ള വഴി തെറ്റുന്നവർ
9. ചുവന്ന പനിനീറും സ്വലാത്തും
10. മുഹമ്മദ് എന്ന പേർ
11. പൈതങ്ങളുടെ കരച്ചിൽ
12. സ്ഥാനത്തിന്റെ മാനദണ്ഡം
13. എല്ലാത്തിനും പരിഹാരം

# മുഹമ്മദുർറസൂലുല്ലാഹി(സ)

**ان الله وملائكته يصلون على النبي يا ايها الذين آمنوا صلوا عليه وسلموا تسليما**

സയ്യിദുനാ മുഹമ്മദുർറസൂലുല്ലാഹി സ്വല്ലല്ലാഹു അലൈഹിവസല്ലം അല്ലാഹുവിന്റെ സൃഷ്ടികളിൽ ഏറ്റവും അത്യുത്തമരാണ്. അവരെ സ്നേഹിക്കൽ അല്ലാഹുവിനെ സ്നേ ഹിക്കലാണ്. അവരോടുള്ള ആദരവ് അല്ലാഹുവോടുള്ള ആദരവും.

വിശുദ്ധ ഖുർആനിന്റെ ഓരോ സൂറകളും തിരു ദൂതരെകുറിച്ചുള്ള പരാമർഷങ്ങളിലധിഷ്ഠിതമാണ്. ഓരോ അധ്യായങ്ങളും പുണ്യ റസൂലിനെ ഏതെങ്കിലും വിധത്തിൽ

പറയാതെ പൂർത്തീകരിക്കുന്നില്ല. അല്ലാഹുവിന്റെ നാമങ്ങൾ പോലും തി രുദൂതരുടെ നാമങ്ങളായി അവൻ തന്നെ നിശ്ച യിച്ചു വെച്ചിരിക്കുന്നു. അമലുകൾ അഖിലം തിരു ദൂതരെ കൂടാതെ ആരിൽ നിന്നും അല്ലാഹു സ്വീകരിക്കുകയില്ല. ഖബൂലിന്റെ മാനദണ്ഡം മുഹമ്മദുർറസൂലുല്ലയാണ്.

ഈമാൻ പൂർണ്ണമാകാൻ മുഹമ്മദുർറസൂലുല്ല വേണം. ഇസ്‌ലാവും ഇഹ്സാനും മുഹമ്മദുർറസൂലുല്ല ഇല്ലെങ്കിൽ അ പൂർണ്ണമാണ്.

പ്രപഞ്ചത്തിന്റെ തുടക്കം തിരു ദൂതരിലൂടെയാണ്. അ തിന്റെ നിലനിൽപ്പും ആ തിരു ദൂതരിലൂടെ തന്നെ. അക്ഷര ങ്ങ ളുടെ വിന്യാസത്തിലോ ശബ്ദങ്ങളുടെ വീചികളിലോ ഒതുങ്ങാത്ത ആഭൗമമായ സാന്നിധ്യമാണത്.

മുഹമ്മദുർറസൂലുല്ലാഹി(സ) അല്ലാഹുവിന്റെ ഹബീ ബാണ്. ഇഷ്ട ഭാജനമാണ്. സ്നേഹനിധിയാണ്. മുഹമ്മ ദുർറസൂലുല്ലയെ മാറ്റി നിർത്തി അല്ലാഹുവിലേക്ക് അടുക്കൽ പ്രയാസമാണ്.

അല്ലാഹുവിലേക്ക് അടുക്കാനുള്ള എളുപ്പ വഴിയാണ് മുഹമ്മദുർറസൂലുല്ല.

സത്യ വിശ്വാസികളോട് അല്ലാഹു പറയുന്നത് ഇലാ ഹീ സ്നേഹത്തിന്റെ പ്രകടനമണെന്ന് നമുക്ക് ബോധ്യപ്പെടു ന്നുണ്ട്. നിശ്ചയം അല്ലാഹുവും മലക്കുകളും തിരു നബി(സ)

യുടെ മേൽ സ്വലാത്തും സലാമും ചൊല്ലുന്നു. സത്യവിശ്വാസികളെ, നിങ്ങൾ അവരുടെ മേൽ സ്വലാത്തും സലാമും ചൊല്ലുക എന്ന്.

നിസ്കാരം നിശ്ചിത സമയത്ത് നിർവ്വഹിക്കാൻ ഇസ്ലാം പഠിപ്പിക്കുന്നു. നോമ്പിന് വ്യക്തമായ ദിവസങ്ങൾ പറഞ്ഞു തന്നു. സക്കാത്തിനും ഹജ്ജിനും നിശ്ചയിക്കപ്പെട്ട സമയങ്ങളുണ്ട്.

സ്വലാത്ത് അങ്ങിനെയല്ല. എപ്പോഴും, നിശ്ചിത സമയമില്ല. പ്രേമഭാജനത്തെ ഓർക്കാൻ സമയം നിശ്ചയിക്കുന്നത് ശരിയല്ല. സദാ നിർവ്വഹിച്ചു കൊണ്ടിരിക്കുന്നതാണ് അതെന്ന് വിശുദ്ധ ഖുർആൻ സൂക്തം വിശ്വാസികളെ ഓർമ്മപ്പെടുത്തുന്നു.

അല്ലാഹുവും മലക്കുകളും ചെയ്യുന്നതാണ് സ്വലാത്ത്. ആ പരിശുദ്ധ വൃത്തത്തിലേക്ക്, മുഹമ്മദീയ ദൗറയിലേക്ക് സ്നേഹപൂർവ്വം സംഗമിക്കാനുള്ള അനുരാഗാധിഷ്ഠിത ആഹ്വാനമാണത്.

മറ്റൊരിക്കൽ അല്ലാഹു പറഞ്ഞതിങ്ങനെയാണ്:

**قل ان كنتم تحبون الله فاتبعوني يحببكم الله فيغفر لكم ذنوبكم**

തിരു ദൂതരോട് അല്ലാഹു പറയാൻ ആവശ്യപ്പെടുന്നു: നിങ്ങൾ അല്ലാഹുവിനെ സ്നേഹിക്കുന്നുവെങ്കിൽ തിരു ദൂതരെ അനുധാവനം ചെയ്യുക. എന്നാൽ നിങ്ങളെ

അല്ലാഹു സ്നേഹിക്കുകയും നിങ്ങളുടെ ദോഷങ്ങൾ പൊറുത്ത് തരികയും ചെയ്യു മെന്ന്.

അല്ലാഹുവിനെ സ്നേഹിക്കാൻ റസൂൽ(സ)യിലേക്ക് അടുക്കുക. റസൂൽ(സ)യോട് അടുപ്പമുണ്ടോ അല്ലാഹുവിനോട് അടുത്തു കഴിഞ്ഞു. അവന്റെ സ്നേഹം ലഭിച്ചു. അവനോടടുക്കാൻ തടസ്സമായി നിന്നേക്കാവുന്ന ദോഷങ്ങളഖിലം കഴുകിക്കളയുകയും ചെയ്തുവെന്ന്.

അഹദിലേക്ക് അടുക്കണമെങ്കിൽ അഹ്മദ്(സ)യിലൂടെ മാത്രമേ സാധിക്കുകയുള്ളു എന്ന സത്യം സംശയ രഹിതമായി അല്ലാഹു തന്നെ പഠിപ്പിച്ചു തരികയാണിവിടെ.

ഖുർആൻ വചനങ്ങളിലൂടെ യാത്ര ചെയ്താൽ മുഹമ്മദീയ സാന്നിധ്യത്തെ എത്രമേൽ അല്ലാഹു ബഹുമാനിച്ചു, പ്രകീർത്തിച്ചു എന്ന് കാണാൻ പ്രയാസപ്പെടില്ല.

**وما ارسلناك الا رحمة للعالمين**

സർവ്വ ലോകങ്ങൾക്കും കാരുണ്യമായിട്ടല്ലാതെ തിരുദൂതരെ അങ്ങയെ നാം നിയോഗിച്ചിട്ടില്ലെന്ന് അല്ലാഹു തന്നെ പറയുന്നു.

ലോകങ്ങളേതായാലും കാരുണ്യവാനായി പുണ്യ റസൂ ൽ(സ) ഉണ്ടാകുമവിടെയെന്ന് അല്ലാഹു പറയുന്നു. ആ കാരുണ്യത്തെ അടുത്തറിയാനും ആ കാരുണ്യവാനെ അനുനിമി ഷം ഓർമ്മയിലോമനിക്കാനും നമ്മുടെ സർവ്വ

സ്പന്ദനങ്ങളുടെയും ചൈതന്യമാക്കാനും കഴിയുക എന്നതാണ് യഥാർത്ഥ വിജയം. ആത്മാവിന്റെ അർത്ഥം സമ്പൂർണ്ണ മുഹമ്മദീയ പ്രഭയായി മാറ്റുന്നതിലൂടെയാണ് കാമിലായ ഇലാഹീ ലയത്തിന്റെ മധുര വസന്തം ചേർത്ത് വെക്കുന്നവനായി മനുഷ്യൻ മാറുന്നതെന്ന തിരിച്ചറിവ് നമുക്ക് വിജയം നൽകട്ടെ. ആമീൻ.

# സ്വലാത്തില്ലെങ്കിൽ പ്രാർത്ഥന തള്ളപ്പെടും

**عن انس بن مالك رضي الله عنه عن النبي صلى الله عليه وسلم انه قال ما من دعاء الا بينه وبين السماء حجاب حتى يصلى علي النبي عليه الصلوة والسلام فاذا صلى عليه يخرق ذلك الحجاب ويدخل الدعاء واذا لم يفعل ذلك رجع دعائه**

അനസുബ്നുമാലിക്(റ) റിപ്പോർട്ട് ചെയ്യുന്ന ഹദീസിൽ കാണുന്നു: തിരു ദൂതർ(സ) പറഞ്ഞു: ഒരാൾ ദുആ ചെയ്താൽ ആ പ്രാർത്ഥനയുടെയും ആകാശത്തിന്റെയും ഇടയിൽ ഒരു മറയുണ്ടാകും. നബി(സ)യുടെ മേൽ സ്വലാത്ത് ചൊല്ലുന്നത് വരെ ആ മറ നിലനിൽക്കും. നബി(

സ)യുടെ മേൽ സ്വലാത്ത് ചൊല്ലിയാൽ പ്രസ്തുത മറ നീക്കപ്പെടും. അല്ലാത്ത പക്ഷം ദുആ മടക്കപ്പെടും.

ദുആയുടെ സ്വീകാര്യത നിശ്ചയിക്കുന്നത് സ്വലാത്താണ്. അല്ലാഹുവോട് ചെയ്യുന്ന പ്രാർത്ഥന, അടിമ ഉടമയോട് നടത്തുന്ന അർത്ഥന അവനിലേക്ക് എത്തണമെങ്കിൽ സ്വലാത്ത് അനിവാര്യമാണ്. അത്യാവശ്യമാണ്. ഞാനും അല്ലാഹുവും മതി. തിരു ദൂതരുടെ ആവശ്യമില്ലെന്ന് പറയുന്ന അനേകരെ നാം കാണുന്നു.

തിരു ദൂതരുടെ സ്ഥാനം തിരിച്ചറിയാത്ത വിഢികൾ സമൂഹത്തെ വഴി തെറ്റിക്കുന്ന നവീന ചിന്താഗതിക്കാർ. ആരാധനയും ആദരവും തിരിച്ചറിയാത്തവർ. അവർക്ക് അല്ലാഹു മതി. അല്ലാഹുവിനെ നേരിട്ട് കാര്യം ധരിപ്പിക്കുന്നവരാണത്രെ അവർ.

സ്നേഹിതാ, സുപ്രധാനമോ അപ്രധാനമോ വ്യത്യാസമില്ലാതെ അഖില മണ്ഡലങ്ങളെയും ചൂഴ്ന്ന് നിൽക്കുന്നതാണ് സ്വലാത്ത്.

പ്രാർത്ഥിക്കുന്നവർക്ക് പ്രാർത്ഥിക്കാം. അല്ലും പകലുമായി അല്ലാഹുവിനോടവർ പറഞ്ഞതഖിലം അന്തരീക്ഷത്തിൽ നിലനില്ക്കും. സ്വലാത്ത് ചൊല്ലുന്ന പക്ഷം ദുആ എത്തേണ്ടിടത്ത് എത്തും. പ്രാർത്ഥനക്ക് ഉത്തരം ലഭിക്കും. ഇത് അല്ലാഹു നിശ്ചയിച്ച അവന്റെ ചര്യയാണ്. സ്വലാത്തില്ലെങ്കിൽ പ്രാർത്ഥന പോയ വഴിയെ തിരിച്ചു വരും.

മുഹമ്മദുർറസൂലുല്ല(സ)യാണ് പ്രാർത്ഥനയെ അല്ലാഹുവിലേക്ക് എത്തിക്കുന്നത്. സ്വലാത്തില്ലാത്ത പ്രാർത്ഥന കേവലം അധര വ്യായാമം മാത്രം.

തിരു ദൂതർ പറയുന്നതിങ്ങനെയാണ്:

**الاعمال موقوفة والدعوات محجوبة حتى يصلى علي ولو ان عبدا جاء يوم القيامة بحسنات اهل الدنيا ولم يكن فيها صلوة علي ردت عليه حسناته فلم يقبل منها شيء**

‘അല്ലാഹുവിനായി ചെയ്യുന്ന സുകൃതങ്ങൾ അർദ്ധ രാത്രി ചെയ്യുന്ന സുജൂദുകൾ, റുകൂഉകൾ, ഖുർആൻ പാരായണങ്ങൾ, സ്വദഖകൾ, ധാനധർമ്മങ്ങൾ, അങ്ങനെ നന്മകൾ ഒരു പാട് ചെയ്തവർ, അവന്റെ നന്മകളുടെ ആധിക്യം ദുൻയാവിലെ സകലരുടെയും നന്മകളോട് സമാനം നിൽക്കും. പക്ഷെ ആ നന്മകളിൽ സ്വലാത്തില്ല. മുഹമ്മദുർറസൂലുല്ല(സ)യുടെ മേലിൽ ഗുണത്തിനായുള്ള പ്രാർത്ഥന മാറ്റി നിർത്തപ്പെട്ടിരിക്കുന്നു. ദുൻയാവ് നിറയെ ചെയ്ത അമലുകൾക്ക് പിന്നെ പ്രസക്തിയില്ല. പ്രാധാന്യമില്ല. യാതൊരു പരിഗണനയുമില്ല. എല്ലാം തള്ളപ്പെടും.’’

ഖിയാമത്ത് നാളിൽ വിജയിക്കുമെന്ന് ഉറപ്പിച്ചവർ സ്വലാത്തിന്റെ അഭാവത്തിൽ തള്ളപ്പെടുന്ന സുകൃതങ്ങളുടെ ആധിക്യത്തിലേക്ക് നോക്കി അലമുറയിട്ടത് കൊണ്ട് കാര്യമില്ല. സ്വലാത്താണ് പ്രാർത്ഥനകളെ സ്വീകാര്യമാക്കുന്നത്.

പ്രാർത്ഥനകളെ ഫലപ്രദമാക്കുന്നത്.സ്വലാത്തില്ലെങ്കിൽ അമലുകളും അർത്ഥനകളും അന്തരീക്ഷത്തിൽ തടഞ്ഞിടും.

എപ്പോൾ സ്വലാത്ത് ചൊല്ലുന്നുവോ, തിരു ദൂതരെ ഓർത്ത് ഗുണത്തിനായുള്ള പ്രാർത്ഥന നടത്തുന്നവോ അപ്പോൾ മാത്രമേ അത് അല്ലാഹുവിലേക്ക് ഉയർത്തപ്പെടുകയുള്ളു. അവന്റെ അടുക്കൽ സ്വീകരിക്കുന്നതായി എഴുതപ്പെടുകയുള്ളു.

സുഹൃത്തേ,

നാം ചിന്തിക്കുക, പ്രാർത്ഥനയും പ്രവർത്തനവും എല്ലാം അല്ലാഹുവിന് വേണ്ടി ചെയ്യുമ്പോഴും സ്വകാര്യമായി റബ്ബിനോട് പറയുന്നതാണെങ്കിലും സ്വലാത്ത് വേണം. അവൻ സ്വീകരിക്കാൻ.

നാം ഉണർന്ന് ചിന്തിക്കണം. ഖിയാമത്തിന്റെ അതിഭീതിതമായ രംഗങ്ങളിൽ രക്ഷക്കെത്തുമെന്ന് നാം കരുതിയതെല്ലാം ലഭിക്കാതെ വരുന്ന സാഹചര്യം. നമുക്ക് പ്രതിഫലം ലഭിക്കുമെന്ന് കരുതി ചെയ്തതഖിലം അനുഭവിക്കാനാകാതെ മാറ്റി നിർത്തപ്പെടുന്ന ദുരവസ്ഥ. സഹായം എല്ലാവരും മറ്റുള്ളവരിൽ നിന്ന് പ്രതീക്ഷിക്കുന്ന അതികഠിനമായ നിമിഷങ്ങൾ. അന്ന് കണ്ണ് തുറന്നിട്ട് കാര്യമില്ല. അന്ന് നിലവിളിച്ചാൽ പ്രയോജനമില്ല. അന്ന് തിരിച്ചറിവ് ഉണ്ടായിട്ട് ഉപകരിക്കില്ല. എല്ലാം മരണത്തിന് മുമ്പെ ചെയ്തു തീർക്കണം. ചെയ്യുന്നതിലെല്ലാം മുഹമ്മദീയ സാന്നിധ്യം ഉണ്ടാകണം.

സ്വലാത്തിന്റെ പ്രാധാന്യം ഉൾക്കൊണ്ട് ചേർത്ത് വെക്കണം. ഖിയാമത്തിന്റെ ദുരന്തങ്ങൾ ഒഴിവാക്കാൻ സ്വലാത്ത് വേണം. അമലുകൾ ആഖിറത്തിൽ ഉപകരിക്കാനും സ്വലാത്ത് വേണം.

മാറ്റി നിർത്താൻ പലരും പറയും. എപ്പോഴുമെന്തി നാണ് സ്വലാത്തെന്ന് അവർ ചോദിക്കും. മഹിതമായ സ്വലാ ത്തിന്റെ വാചകങ്ങളിൽ അവൻ സംശയങ്ങൾ ഉണ്ടാക്കും. നിർവ്വഹിക്കേണ്ടതില്ലാത്തതാണെന്ന് അവർ വരുത്തി തീർക്കും. തീരെ സ്വലാത്ത് ജീവിതത്തിൽ നിന്ന് എടുത്ത് മാറ്റിക്കളയാനുള്ള സാഹചര്യം അവർ ഒരുക്കും. എല്ലാം അല്ലാഹുവിന്റെ പേരിലായിരിക്കും, നന്മകളുടെ പുറം മോടി നൽകിയായിരിക്കും, ആരാധനയുടെ ആത്മാവിനെ പരിര ക്ഷിക്കാനെന്ന പേരിലാകും, ശിർക്കിൽ നിന്ന് മോചിപ്പിക്കാ നെന്ന് പറഞ്ഞ് തരും.

അവർ നിങ്ങളുടെ ശത്രുക്കളാണ്. സ്വലാത്തിന്റെ ഘാതകരാണ്. വിജയത്തിന് മുന്നിൽ വിഘ്നം തീർക്കുന്നവരാ ണ്. ഖുർആനും ഹദീസും ഓതി നരകത്തിലേക്കും ഇബ്‌ലീ സിന്റെ മാർഗ്ഗത്തിലേക്കും ക്ഷണിക്കുന്നവരാണവർ.

നാമറിയാതെ നമ്മെ നശിപ്പിക്കുന്ന'ഇസ്‌ലാഹികൾ', ഇസ്‌ലാമിക സമൂഹത്തിന്റെ അകക്കാമ്പ് നശിപ്പിക്കുന്ന ഇബ്‌ലീസിയൻ പ്രബോധകർ.

സുഹൃത്തേ, ഉറപ്പിച്ച് നീ മനസ്സിലാക്കുക.സ്വലാത്ത്, തിരു ദൂതരുടെ മേലുള്ള സ്വലാത്ത്, വിജയത്തിനുള്ളതാണ്. സർവ്വ ശക്തന്റെ സാന്നിധ്യത്തിലുള്ള സ്വീകാര്യതക്കുള്ളതാണ്. ആത്യന്തിക വിജയത്തിനുള്ളതാണ്. പരലോക മോക്ഷത്തിനുള്ളതാണ്. പാരത്രിക സൗഖ്യത്തിനുള്ളതാണ്. നാഥന്റെ തൃപ്തി സ്വായത്തമാക്കാനുള്ള അനുപമ സംഗതിയാണ്. ഇതാണ് നീ തിരിച്ചറിയേണ്ടത്.

# ഫലരഹിതമായ സംഗമങ്ങൾ

**وعن سعيد عن النبي صلى الله عليه وسلم انه قال يجلس قوم مجلسا لا يصلون فيه على النبي عليه الصلوة والسلام الا كان عليهم حسرة وان دخلوا الجنة لما يرون من الثواب**

സഈദ്(റ) പറഞ്ഞുതരുന്ന ഹദീസ്: തിരു ദൂതർ(സ) പറഞ്ഞു: തിരുദൂതർ(സ)യുടെ മേൽ സ്വലാത്ത് ചൊല്ലാത്ത ഏതൊരു സദസ്സിൽ ഇരിക്കുന്നവർക്കും നഷ്ടമാണ്. അവർ സ്വർഗ്ഗത്തിൽ പ്രവേശിച്ചാൽ പോലും പ്രതിഫലം കാണാൻ കഴിയില്ലെന്ന്.

ഫലരഹിതമായ സംഗമങ്ങൾ, ഫലശൂന്യമായ ഒത്തു ചേരലുകൾ നമുക്കു ചുറ്റും സംഘടിപ്പിക്കപ്പെടുന്നു. കുടും ബങ്ങൾ കൂടിയിരിക്കുന്ന സദസ്സുകൾ ഒരു ദിവസം തന്നെ പലതവണയുണ്ടാകും. തിരുദൂതർ(സ)യുടെ പേരിൽ

സ്വലാത്ത് ചൊല്ലാതെയാണോ എങ്കിൽ എത്ര നന്മകളാ സദസ്സിൽ വെച്ച് രൂപപ്പെട്ടാലും ഫലം ശൂന്യമായിരിക്കും.

രണ്ടാൾ ചേർന്ന് ഒരു കാര്യം ചർച്ച ചെയ്യുമ്പോൾ അവി ടെ സ്വലാത്ത് വരണം. ഒരു പ്രവർത്തനം ചെയ്യാൻ രണ്ടാൾ ഒരുമിക്കുമ്പോൾ അവിടെയും സ്വലാത്തുണ്ടാകണം. അതോടെ അവരുടെ ഒത്തുചേരൽ നന്മ നിറഞ്ഞതായി. അവരുടെ ചർച്ചകൾ ഫലദായകമായി. അവരുടെ പ്രവർത്തനങ്ങൾ പുണ്യകരമായി.

സ്വലാത്ത് കൂട്ടായ്മയുടെ അംഗീകാരത്തിനായി അല്ലാഹുവിന് മുന്നിൽ അവതരിപ്പിക്കുന്ന അംഗീകാര പാത്രമാണ്. ആ സ്വലാത്തില്ലെങ്കിൽ അല്ലാഹു അത് പരിഗണിക്കില്ല.

ഭാര്യ ഭർത്താക്കന്മാർ കൂടിയിരുന്ന് സംസാരിച്ചതെത്രയാണ്. എത്ര രാത്രികൾ പകലുകളാക്കി എത്രയെത്ര സ്വകാര്യ സംഗമങ്ങൾ നടത്തി. എത്രയെത്ര ചർച്ചകൾ ചെയ്തു തീർത്തു. അവയെല്ലാം അല്ലാഹു സ്വീകരിച്ചുവോ എന്ന് ചിന്തിച്ച് നോക്കുക. സ്വലാത്തിന്റെ സാന്നിധ്യം അതിനെല്ലാം കൂട്ടിനെത്തിയെങ്കിൽ അതെത്ര മഹത്തരമായ സംഗമങ്ങളാണ്. അതിനെത്ര പ്രതിഫലമെന്ന് നിശ്ചയിക്കുക പ്രയാസം. അഥവാ സ്വലാത്ത് അവയിലെല്ലാം വിസ്മരിച്ചുകളഞ്ഞെങ്കിൽ അവയെല്ലാം കേവലം ഇരുത്തം മാത്രമായി മാറി.

വിശ്രമിക്കാനായി ഇരിക്കുന്ന രണ്ട് പേർ പിരിയുന്നതിന് മുമ്പ് സ്വലാത്ത് ചൊല്ലിയാൽ അല്ലാഹുവിന്റെ അരികിൽ നിങ്ങളുടെ വിശ്രമം സ്വലാത്ത് പരിശുദ്ധമാക്കിത്തന്നു. ബുദ്ധി ഉപയോഗപ്പെടുത്തേണ്ട സമയമാണത്.

വീട്ടിലിരിക്കുന്ന സമയങ്ങൾ, വീട്ടുകാര്യങ്ങൾ ചർച്ച ചെയ്യുന്ന ഒത്തു ചേരലുകൾ ദിനേന അനേകം സമയങ്ങളിൽ രൂപപ്പെടും. അതെല്ലാം നഷ്ടത്തിലാക്കണോ ലാഭത്തിലാക്കണോ നാശത്തിനാക്കണോ അതല്ല, നന്മക്കും നല്ലതിതിനുമായി മാറ്റണോ...

ഒരു സ്വാത്ത് കൊണ്ട് നാശം നന്മയാകുന്ന സൂത്രം. ഒരോർമ്മപ്പെടുത്തൽ കൊണ്ട് ഒത്തു കൂടിയവർക്ക് മുഴുവൻ നന്മചെയ്തവരാകാൻ കഴിയുന്ന സാഹചര്യം. സ്വലാത്ത് ചൊല്ലി സദസ്സ് പിരിയണമെന്ന ഒരാവശ്യപ്പെടൽ കൊണ്ട് അനേകർക്ക് പുണ്യം ലഭിക്കുന്ന അവസരം എന്തിന് നാം ഒഴിവാക്കണം.

കുടുംബം മദീനയുടെ മാരനുമായി സംഗമിക്കട്ടെ. കുട്ടികളിൽ മധുര ചിന്തകൾ കളിയാടട്ടെ. മാതാപിതാക്കൾക്ക് മനസ്സ് നിറയെ പുണ്യം സ്വലാത്തിലൂടെ ലഭിച്ചെന്ന് ഉറപ്പിക്കാൻ കഴിയട്ടെ. അങ്ങനെ കൂടുമ്പോൾ ഇമ്പമാർന്ന സദസ്സുകളായി നമ്മുടെ വീടുകളിലെ കൂട്ടായ്മകൾ മാറട്ടെ.

സൗഹൃദ ബന്ധങ്ങൾ തീർക്കുന്ന സദസ്സിലും വേണം സ്വലാത്ത്. സുഹൃത്തുക്കൾക്കിടയിൽ അഗ്നി വിതറി നാശം

കൊയ്തെടുക്കാൻ രാപകൽ കാത്ത് പാത്ത് കഴിയുന്ന ഇബ്ലീസിന്റെ ചതിക്കുഴികളെ സ്വലാത്ത് കൊണ്ട് മാറ്റിയെ ടുക്കാൻ നമുക്ക് കഴിയണം.

എണ്ണമറ്റ വിഷയങ്ങൾ ചർച്ച ചെയ്ത നാം നാട്ടിലു ള്ളതും മറുനാട്ടിലുള്ളതുമായ കാര്യങ്ങൾ അവലോകനം ചെയ്ത നാം. സ്വലാത്ത് കൊണ്ട് അവയുടെ മർമ്മം രൂപപ്പെ ടുത്തുന്നതിൽ മടി കാണിക്കരുത്.

ഒരുമിച്ചിരുന്നാൽ പിരിയുന്നതിന് മുമ്പ് സ്വലാത്ത് ഓർക്കാതെ പോകരുത്. കൂട്ടുകാർക്ക് ആ പൂമേനിയുടെ മേലുള്ള സ്വലാത്തിലൂടെ നേടാൻ കഴിയുന്ന നേട്ടത്തെക്കു റിച്ച് ബോധനം നൽകണം.

പിശാച് ആധിപത്യം സ്ഥാപിച്ചവർ പരിഹസിച്ചേ ക്കും. ശൈത്താന്റെ സ്വാധീനത്തിൽ അകപ്പെട്ട് കഴിയുന്നവർ പല്ലിളിച്ചേക്കും. ഇബ്ലീസിന്റെ കൂട്ടാളികൾ ശബ്ദ ഘോഷ മുണ്ടാക്കിയേക്കും. പക്ഷെ മടിക്കരുത്. സ്വലാത്ത് ഓർമ്മപ്പെ ടുത്തുന്നതിലൂടെ, നിരന്തരമായ ഓർമ്മിപ്പിക്കലിലൂടെ ശൈത്താൻ പത്തി മടക്കും. ശൈത്താൻ കൂടൊഴിയും. ഇബ്ലീസ് മാറി നിൽക്കും. അതു വഴി എല്ലാവർക്കും സ്വലാ ത്തിലൂടെ വികൃത വിചാരങ്ങൾ മാറിക്കിട്ടും.

ആവർത്തിച്ചാവർത്തിച്ചുള്ള ആവശ്യം, സ്വലാത്തിനാ യുള്ള ആഹ്വാനം അല്ലാഹു അറിയും. അവൻ അധമരായി കഴിയുന്നവന്റെ മനസ്സിൽ നല്ല ചിന്തകൾ ഉണ്ടാക്കിക്കൊ

ടുക്കും സ്വലാത്ത് ഏതെങ്കിലും ഒരു നിമിഷം പരിഹസിക്കു ന്നവൻ ചൊല്ലാൻ ശ്രമിച്ചാൽ അതുവഴി അവന് രക്ഷയുടെ കവാടങ്ങളിലേക്ക് നടന്നടുക്കാൻ അവസരമുണ്ടാകും.

സ്ഥാപനങ്ങളും സംഘടനകളും സ്വലാത്തിന്റെ നിർവൃതിയിലാണ് സംഗമം തീർക്കേണ്ടത്. എത്ര ഗംഭീര മായ ചർച്ചകൾക്കിടയിലും പുണ്യ റസൂൽ(സ)യുടെ പേരി ലുള്ള സ്വലാത്ത് ഇടക്കിടെ ചർച്ചയിൽ സ്ഥാനം പിടിക്കുന്ന തോടെ സംഘടനാ തീരുമാനങ്ങൾ ഉമ്മത്തിനുപകരിക്കു ന്നതും സംഘടനക്കാരുടെ ആഖിറം പ്രകാശോന്മുഖമാകുന്ന തുമായിത്തീരും.

സ്ഥാപനങ്ങളിലെ അശ്ലീലതകൾ ഒന്നൊന്നായി ഇല്ലാ തെയാകും. അനാശാസ്യ പ്രവർത്തനങ്ങൾ അവസാനിക്കും. സ്വലാത്തിലൂടെ പുണ്യ റസൂലിന്റെ നോട്ടം പതിയുന്ന നിമി ഷങ്ങളാണെന്ന തിരിച്ചറിവ് സ്ഥാപനങ്ങളിലെ ഒത്തു ചേര ലുകൾക്ക് ഈമാനിക ചൈതന്യം പകരും.

സ്ഥാപനങ്ങൾ പുറത്ത് വിടുന്നവരിൽ ഉന്നതമായ മൂല്യങ്ങൾ സ്വലാത്തിലൂടെ ഉൾചേർന്ന് കിടക്കും. മാറ്റി നിർത്താനാകാത്ത പ്രവാചക പ്രേമം അനുഗ്രഹീതമായ പുതിയ ക്യാമ്പസുകൾ സൃഷ്ടിക്കും.

സ്വലാത്തില്ലെങ്കിൽ കലാശാലകൾ കലാപ ശാലകളാ യിത്തീരും. ആട്ടിൻ തോലണിഞ്ഞ ചെന്നായയെപ്പോലെ

മൃഗീയ ദുരന്തങ്ങൾക്ക് മേൽ മഹത്തായ വസ്ത്രം പുതച്ച ഒരു തരം പിശാചുക്കളായിത്തീരും.

നമുക്കിനി ഒത്തിരിക്കുമ്പോഴെല്ലാം സ്വലാത്ത് ഓർത്തിരിക്കാം. ചുണ്ടുകൾക്കത് പകർന്ന് നൽകാം. ശബ്ദങ്ങളിലൂടെ അത് മറ്റുള്ളവരുടെ കാതുകളിലെത്തിക്കാം. അങ്ങനെ എല്ലാവർക്കും സ്വലാത്തിന്റെ നന്മ പകരാം. അല്ലാഹു അനുഗ്രഹിക്കട്ടെ.

# ഏറ്റവും വലിയ പിശുക്കൻ

അബൂദർറ് ഒരിക്കൽ പറഞ്ഞു തന്ന ഹദീസ്. തിരുനബി (സ) ചോദിച്ചു:

**الا اخبركم بابخل الناس**

ജനങ്ങളിൽ വെച്ചേറ്റവും വലിയ പിശുക്കൻ ആരാണെന്ന് ഞാൻ നിങ്ങൾക്ക് പറഞ്ഞു തരട്ടേ. സ്വഹാബികൾ പറഞ്ഞു:

**بلى يا رسول الله** അല്ലാഹുവിന്റെ തിരുദൂതരെ. അതേ പറഞ്ഞു തന്നാലും.

തിരുദൂതർ ജിജ്ഞാസയോടെ നിൽക്കുന്ന തന്റെ അനു ചരരോട് പറഞ്ഞു. പ്രതീക്ഷയോടെ നിൽക്കുന്ന അനുയായികളെ അറിയിച്ച് കൊടുത്തു. ഏറ്റവും വലിയ പിശുക്കന്മാർ ആരാണെന്ന്. അതിങ്ങനെയായിരുന്നു.

**من ذكرت عنده ولم يصل علي**

എന്റെ നാമം ഒരാൾക്കരികെ പറയപ്പെട്ടു. പക്ഷെ അവ ൻ എന്റെ മേൽ സ്വലാത്ത് ചൊല്ലിയില്ല. ജനങ്ങളിൽ വെച്ചേറ്റ വും വലിയ പിശുക്കനവനവനാണ്.

പിശുക്ക് സർവ്വനാശത്തിന്റെയും എസ്സൻസാണ്. പിശു ക്കന്മാരെ ആരും ഇഷ്ടപ്പെടില്ല. സാധാരണ പിശുക്കന്മാർ തന്നെ സമൂഹത്തിൽ അവമതിക്കപ്പെടും അകറ്റി നിർത്തപ്പെടും. അവനോട് അടുക്കുന്നത് പോലും ജനങ്ങൾ വെറുക്കും. പിശുക്ക് സൂക്ഷിക്കണം. അല്ലാഹു പറയുന്നതിങ്ങനെയാണ്. ബഖീൽ അഥവാ പിശുക്കൻ അല്ലാഹുവിന്റെ ശത്രുവാണ്.

**البخيل عدو الله وان كان عابدا**

അവൻ ആരാധനകൾ ചെയ്യുന്ന ആബിദാണെങ്കിലും. അല്ലാഹുവിന്റെ ശത്രുവാകാൻ നാം ഇഷ്ടപ്പെടുന്നില്ല. ആഗ്രഹിക്കുന്നില്ല. അല്ലാഹുവിന്റെ എതിരാളിയാകാൻ നാം കൊതിക്കുന്നില്ല. അല്ലാഹുവിന്റെ എതിർ പക്ഷത്ത് നിൽക്കാൻ നമുക്ക് തീരെ പൂതിയില്ല. ഒട്ടും നാം അഭില ഷിക്കുന്നില്ല. പക്ഷെ, അല്ലാഹു പറയുന്നത്. ബഖീൽ,

പിശുക്കൻ അല്ലാഹുവിന്റെ ശത്രുവാണ്. എതിരാളിയാണ്. അവന്റെ ശത്രു പക്ഷത്തു നിൽക്കുന്നവനാണ്.

അല്ലാഹുവിന്റെ ശത്രുവിനെ അല്ലാഹു തന്നെ നിശ്ചയിച്ചതാണ്. അല്ലാഹു നിശ്ചയിച്ചു പ്രഖ്യാപിച്ചത് നാം മനസ്സിലാക്കുക. അതിൽപ്പെടാതെ സൂക്ഷിക്കുക.

ആബിദായി അറിയപ്പെട്ടാൽ പോലും രക്ഷയില്ല. പിശുക്കനാണെങ്കിൽ അവൻ അല്ലാഹുവിന്റെ ശത്രു തന്നെ. അവന്റെ ഇബാദത്ത് അല്ലാഹുവിന് വേണ്ട, അവന്റെ അമലുകൾ അല്ലാഹുവിന് ആവശ്യമില്ല. അവന്റെ രാവ് പകലുമായി നിർവ്വഹിക്കുന്നതൊന്നും അല്ലാഹുവിനാണെന്ന് കരുതുകയും വേണ്ട. കാരണം പിശുക്കൻ അല്ലാഹുവിന്റെ ശത്രുവാണ്.

തിരുദൂതർ പഠിപ്പിക്കുന്നത്. കേവല പിശുക്കനല്ല. സാധാരണ ബഖീലല്ല. മറിച്ച് ജനങ്ങളിൽ വെച്ചേറ്റവും വലിയ പിശുക്കൻ, ബഖീൽ ; അഥവാ **بابخل الناس** ജനങ്ങളിലെ ഏറ്റവും വലിയ പിശുക്കൻ ആരാണെന്നാണ് പഠിപ്പിച്ച് തരുന്നത്.

തിരുദൂതരുടെ പേര് കേട്ടിട്ട് സ്വലാത്ത് ചൊല്ലാത്തവനാണ് ഏറ്റവും വലിയ പിശുക്കൻ. ആന്ത്യന്തിക പരാജയത്തിലേക്കെത്തിക്കുന്നതാണിത്. അത്കൊണ്ടാണ് അവൻ ഏറ്റവും വലിയ പിശുക്കനായത്.

പുതിയ സമൂഹത്തിൽ ചിലരുണ്ട്. അവർ നേതാക്കളാണത്രെ. തിരുദൂതരുടെ പേര് യാതൊരാദരവുമില്ലാതെ പറയുന്നവർ പ്രവാചകൻ മുഹമ്മദ് എന്ന് മാത്രം പറയും. സ്വലാത്ത് ചൊല്ലിയാൽ അവന്റെ എന്തോ നഷ്ടപ്പെടുന്ന പോലെ പെരുമാറുന്നവർ. ഇസ്‌ലാമിന്റെ പേരിൽ നിലകൊള്ളുന്നവരാണിവർ. അവർക്ക് ഇസ്‌ലാമെന്താണെന്ന് മനസ്സിലാക്കുന്നിടത്ത് പിഴച്ചിരിക്കുന്നു. തിരുദൂതർ(സ)യുടെ നാമത്തിന്റെ കൂടെ സ്വലാത്ത് ചൊല്ലാൻ കഴിയാത്ത ഹതഭാഗ്യരാണവർ.

എഴുത്തുകളിലും പരിശുദ്ധമായ ആ നാമത്തോട് ചേർത്ത് സ്വാലാത്ത് സൂചിപ്പിക്കാൻ പ്രയാസപ്പെടുന്ന മോഡേൺ മുസ്‌ലിംകൾ. നാശത്തിന്റെ വിതരണത്തിനാണവർ എഴുതുന്നത്. എഴുത്തിലൂടെ സ്വലാത്ത് ചൊല്ലുന്ന യാഥാർത്ഥ മുസ്‌ലിംകളെ പോലും അവർ വഴിതെറ്റിക്കും. വായനയുടെ സുഖത്തിനാണെന്ന പേരിൽ സ്വലാത്ത് വിട്ടുകളയുന്നവർ. വായിച്ചുകൊണ്ടിരിക്കുന്ന സത്യവിശ്വാസികളെ അറിയാതെ നാശത്തിലേക്ക് എടുത്തെറിയുന്നതാണതിലൂടെ അയാൾ ചെയ്യുന്നത്. സ്വയം നശിക്കുകയും മറ്റുള്ളവരെ നശിപ്പിക്കുകയും ചെയ്യുന്ന നാശകാരികൾ.

ചടുലമായ പ്രഭാഷണങ്ങൾക്കിടയിൽ സ്വലാത്ത് മാറ്റി നിർത്തുന്നതിലൂടെ പ്രസ്തുത ഭാഷണം ചവറു

പോലെയാണ് അല്ല, അതിനേക്കാൾ ഉപകാരര ഹിതമാണെന്ന് അവർ തിരിച്ചറിയാതെ പോകുന്നു. തൂലിക ത്തുമ്പിലൂടെ നിർഗളിക്കുന്ന മഷിത്തുള്ളികൾ വിഷത്തുള്ളി കളാക്കി മാറ്റുകയാണ് മുഹമ്മദുർറസൂലുല്ലയുടെ കൂടെ സ്വല്ലല്ലാഹു അലൈഹിവസല്ലം സൂചിപ്പിക്കാതെയുള്ള എഴുത്തു കുത്തുകൾ.

അറിവ് ഉപകാര പ്രദമാക്കാനുള്ള ശ്രമവും പ്രാർത്ഥ നയും വേണം. ഉപകാര രഹിതമായ വിജ്ഞാനത്തിൽ നിന്ന് കാവൽ ചോദിക്കാൻ അല്ലാഹുവിന്റെ റസൂൽ(സ) പഠിപ്പിച്ചു. ഏതറിവും ഉപകാര പൂർണ്ണമാകുന്നത് സ്വലാത്തിന്റെ സാന്നി ധ്യത്തിലൂടെയാണ്.

ചിലരുടെ വ്യക്തിത്വത്തിന്റെ മാഹാത്മ്യം നിശ്ചയിക്കു ന്നത് സ്വലാത്ത് ഉപേക്ഷിക്കുന്നതിലൂടെയാണെന്ന് തെറ്റിദ്ധ രിച്ചിരിക്കുന്നു. അപകടകരമാണാ ചിന്ത. പതനത്തിലേക്ക് നിപതിക്കാനുള്ളതാണാ വിചാരം. പടച്ച തമ്പരാനോടുള്ള പകയാണാ തോന്നൽ.

പുസ്തകങ്ങളിലും ലേഖനങ്ങളിലും തിരു ദൂതർ( സ)യുടെ വിശുദ്ധ നാമങ്ങൾ എഴുതുമ്പോൾ സ്വലാത്തുണ്ടാ യാലുള്ള ഔന്നത്യം തിരിച്ചറിഞ്ഞവർ ഒരിക്കലുമത് മാറ്റി നിർത്തില്ല. നിർബന്ധ പൂർവ്വം എടുത്തു കൊടുക്കും. തീർച്ച.

സ്വലാത്തിനെക്കുറിച്ചുള്ള അജ്ഞത ഒരളവോളം നാശത്തിലേക്കെത്തിക്കുന്നു. ജനങ്ങൾ തുടർന്നു കൊണ്ടിരി

ക്കുന്ന സമ്പ്രദായങ്ങളും അപകടത്തിന് വഴിയൊരുക്കുന്നു. ഇത്തരം സാഹചര്യത്തിൽ എഴുത്തിലെ സ്വലാത്തിനെ കുറിക്കുന്ന തിരു വചനങ്ങൾ ഒരു പക്ഷെ തിരിച്ചറിവിലേക്ക് നയിച്ചേക്കാം. തിരു ദൂതരിലേക്ക് അടുപ്പിച്ചേക്കാം. ആത്യന്തിക വിജയത്തിനായുള്ള മാറ്റത്തിന് വഴിമരുന്നിട്ടേക്കാം.

തിരു ദൂതർ(സ) പറയുന്നതിങ്ങനെയാണ്:

**من صلى علي في كتاب لم تزل الملائكة يستغفرون له ما دام اسمي في ذلك الكتاب**

ഒരു പുസ്തകത്തിൽ അഥവാ രചനയിൽ എന്റെ മേൽ സ്വലാത്ത് ചേർത്ത് വെച്ചാൽ അത് നിലനിൽക്കുന്ന കാലത്തോളം മാലാഖമാർ എഴുതിയവന് പൊറുക്കലിനെ ആവശ്യപ്പെട്ട് കൊണ്ടിരിക്കും. സ്വല്ലല്ലാഹു അലാ സയ്യിദിനാ മുഹമ്മദ് സ്വല്ലല്ലാഹു അലൈഹി വസല്ലം.

ലക്ഷക്കണക്കിന് മലക്കുകളുടെ പ്രാർത്ഥന. ദോഷങ്ങൾ നീക്കിക്കളയാനുള്ള അർത്ഥന ലഭിക്കുന്ന ഒരു പുണ്യമാണ് രചനകളിലെ സ്വലാത്ത്. മലക്കുകളുടെ ഈ പ്രാർത്ഥന കേവലം ഒന്നോ രണ്ടോ സമയങ്ങളിലല്ല. ലേഖനത്തിൽ അഥവാ പുസ്തകത്തിൽ, രചനയിൽ അത് നിലനിൽക്കുന്ന കാലത്തോളം തുടരുമെന്ന്.

അനവരതം തുടരുന്ന പ്രാർത്ഥന. പിശുദ്ധരായ മലക്കുകളുടെ പ്രാർത്ഥന. എന്നെന്നും നിലനിൽക്കുന്ന

പ്രാർത്ഥന. കുറഞ്ഞ പ്രവർത്തനം കൊണ്ട് ലഭിക്കുന്ന മഹത്വം. ഒരു എഴുത്ത് കൊണ്ട് ലഭിക്കുന്ന നേടാൻ, കഴിയുന്ന മാഹാത്മ്യം. മലക്കുകൾ നമുക്കായി നിലകൊള്ളുന്ന അനുപമമായ അനുഭവം. അനുഗ്രഹീതരുടെ തണൽ തുടരുന്ന നിമിഷങ്ങളാണ് സ്വലാത്ത് എഴുതുന്നതിലൂടെ ലഭിക്കുന്നത്.

ആർക്കോ വേണ്ടി സ്വലാത്ത് മാറ്റി നിർത്താതിരിക്കുക. അല്ലാഹുവിന്റെ ഇഷ്ട ദാസന്മാരുടെ സ്നേഹവും പ്രാർത്ഥനയും ദോഷം കഴുകിക്കളയാനുള്ള അല്ലാഹുവിനോടുള്ള ആവശ്യപ്പെടലും നഷ്ടപ്പെടുത്താതിരിക്കുക. അങ്ങനെ എന്നും അല്ലാഹുവോടും അവന്റെ ഉന്നതന്മാരായ അടിമകളോടുമൊത്ത് സന്തോഷത്തിലായി ദുനിയാവിലും ആഖിറത്തിലും കഴിയുക.

അതിലാണ് സന്തോഷം. അതിലാണ് ആശ്വാസം. അതിലാണ് ആനന്ദം. അങ്ങനെ സ്വലാത്തിലൂടെ മലക്കുകളുമായി സൗഹാർദ്ദത്തിലാകുന്ന അവരുമായി സഹവർത്തിത്തം പുലർത്തുന്ന പുതിയ ലോകം നാം ക്രമപ്പെടുത്തണം. നിലവിലെ സ്വലാത്തില്ലാത്ത പുസ്തകങ്ങളും രചനകളും നമുക്ക് മാറ്റിയെഴുതണം.

സാമ്പ്രദായിക സ്വഭാവം സ്വലാത്തിനെ അന്യവൽക്കരിക്കുന്നുവെങ്കിൽ അതിനെതിരെയുള്ള പടവാളായി നമ്മുടെ സ്വലാത്ത് പെയ്തിറങ്ങുന്ന തൂലികകൾ ആഞ്ഞുവീശണം. അപകടം വിതച്ചു കൊണ്ടിരിക്കുന്നവരുടെ പേന

കളിൽ പുതിയ സ്വലാത്തിന്റെ മധു നിറച്ച് മാറ്റമുണ്ടാക്കണം. സ്വലാത്തിന്റെ മഹിത സാന്നിധ്യം നൽകുന്ന മഹത്വം അവർക്ക് കൈമാറണം. അങ്ങനെ സദാ മനസും മദീനയും സംഗമത്തിലായി തുടരണം. അല്ലാഹു അനുഗ്രഹിക്കട്ടെ.

# മലക്കുകളുടെ ഓഫർ

**روي عن النبي صلى الله عليه وسلم انه قال اتاني جبرائيل واسرافيل وعزرائيل وميكائيل عليهم الصلوة والسلام فقال جبرائيل يا رسول الله من صلى عليك عشر مرات انا آخذ بيده امره على الصراط وقال ميكائيل انا اسقيه من حوضك وقال اسرافيل انا اسجد لله تعالى ما ارفع رأسي حتى يغفر الله له وقال عزرائيل انا اقبض روحه كما قبضت ارواح الانبياء عليهم الصلوة والسلام**

തിരുദൂതർ(സ) പറയുന്നു: ജിബ്രീൽ(അ), മീക്കാഈൽ(അ), ഇസ്റാഫീൽ(അ), അസ്റാഈൽ(അ) എന്നീ മലക്കുകൾ എന്റെ അരികിൽ വന്നു. ജിബ്രീൽ(അ) പറഞ്ഞു: അല്ലാഹുവിന്റെ ദൂതരേ, പത്ത് തവണ ആരെങ്കിലും അങ്ങയുടെ മേൽ സ്വലാത്ത് ചൊല്ലിയാൽ സിറാത്തിൽ അഥവാ പാലം കടക്കുമ്പോൾ ഞാനവന്റെ കൈ

പിടിക്കും. മീക്കാഈൽ(അ) പറഞ്ഞു: അങ്ങയുടെ ഹൗളിൽ നിന്ന് ഞാനവനെ കുടിപ്പിക്കും. ഇസ്റാഫീൽ(അ) പറഞ്ഞു: അല്ലാഹു അവന് പൊറുത്തു കൊടുക്കുന്നത് വരെ ഞാനെന്റെ തല സുജൂദിൽ നിന്ന് ഉയർത്തുകയില്ല. അസ്റാ ഈൽ (അ) പറഞ്ഞു: അമ്പിയാക്കളുടെ ആത്മാവുകളെ പിടിക്കുന്നത് പോലെ ഞാനവന്റെ റൂഹ് പിടിക്കുന്നതാണ്.

മലക്കുകളിൽ അത്യുത്തമരാണ് ഈ നാല് മലക്കു കൾ. അമ്പിയാ മുർസലുകൾക്ക് വഹ്യ് അല്ലാഹുവിൽ നിന്ന് എത്തിച്ചു കൊടുക്കുന്ന അല്ലാഹുവിന്റെ സമീപസ്ഥ നായ ജിബ്രീൽ(അ) തിരു ദൂതരുടെ പേരിൽ പത്ത് സ്വലാത്ത് ചൊല്ലിയാൽ ഭീതിതമായ സ്വിറാത്ത് പാലത്തി ലൂടെ പോകുമ്പോൾ കൈ പിടിക്കാനുണ്ടാകുമെന്ന്. ഏറെ സന്തോഷം നൽകുന്നതാണിത്. ചെറിയ സഹായം പോലും പ്രതിസന്ധികളിൽ വലിയ ആശ്വാസമാണ്. അപരിചിതമായ ഒരു സ്ഥലത്ത് എന്ത് ചെയ്യണമെന്നറിയാതിരിക്കുന്നവന് പര ചയക്കരനെ കണ്ട് മുട്ടിയാൽ എന്തെന്നില്ലാത്ത സന്തോഷമാണ്. ആനന്ദമാണ്. ആശങ്ക എങ്ങോ പോയ് മറ ഞ്ഞത് പോലെ തോന്നും.

ആദ്യമായി വിമാന യാത്ര ചെയ്യുന്നവന് അസ്വസ്ഥത അനുഭവപ്പെടും. കൂടെ ഒരാളുണ്ടെങ്കിൽ പിന്നെ പ്രയാസങ്ങ ളേതുമില്ല. കാര്യങ്ങൾ നന്നായി അറിയുന്നവനാണെങ്കിലോ സന്തോഷത്തിന് അതിരുകളുണ്ടാവില്ല. പലരും എന്തു ചെയ്യ

ണമെന്നറിയാതെ പ്രയാസപ്പെട്ട് നിൽക്കുമ്പോൾ നാം വളരെ പെട്ടെന്ന് കാര്യങ്ങൾ നിർവ്വഹിച്ച് മുന്നോട്ട് പോകും.

കേവലമായ ജോലിക്കുവേണ്ടിയുള്ള യാത്ര പോലും അപരിചിതമായ ഘട്ടങ്ങളിൽ നമുക്ക് ഏറെ അസ്വസ്ഥതയുണ്ടാക്കുന്നു.

എന്നാലിവിടെ പത്ത് സ്വലാത്ത് കൊണ്ട് അകമറിഞ്ഞ സ്വലാത്ത് പുണ്യ റസൂൽ(സ)യ്ക്ക് ചൊല്ലുന്നതിലൂടെ ലഭിക്കുന്ന നേട്ടങ്ങൾ ചില്ലറയല്ല.

നരകാഗ്നിയുടെ മുകളിലൂടെ സ്ഥാപിച്ച സ്വിറാത്ത് ഒന്നു പിഴച്ചാൽ ശാശ്വതമായ തീജ്ജ്വാലയിൽ അകപ്പെടുന്ന ഭീകരമായ യാത്ര. അതീവ നേർത്തതും മൂർച്ചയേറിയതുമായ സഞ്ചാര വീഥി. മനസ്സുകളെ ആലോചിച്ചാൽ തന്നെ അലോസരപ്പെടുത്തുന്ന അപകടകരമായ യാത്ര.

പ്രസ്തുത പാലത്തിൽ നിന്ന് പലരും പാദം തെറ്റി പതനം ഏറ്റുവാങ്ങുന്നു. അളക്കാനാകാത്ത ഭയം അകത്ത് നിറഞ്ഞ് നിൽക്കുന്ന സമയമാണത്. ആയിരങ്ങൾ പാദം പിഴച്ച് മറിഞ്ഞ് വീണ് അഗ്നിയിൽ കിടന്ന് പുളയുന്നു. ചീഞ്ചലം കൊണ്ട് വീർപ്പ് മുട്ടുന്നു. തീജ്ജ്വാലകളിൽ കിടന്ന് മറിയുന്നു. അതീവ ഭയാനകരമായ പ്രസ്തുത യാത്രയിൽ കൂട്ടിനായി ഏതെങ്കിലും ഒരാളല്ല. അല്ലാഹുവിന്റെ മുഖർറബായ മലക്ക്. വഹ്യിന്റെ വാഹകൻ.

അമ്പിയാക്കളുടെയഖിലം അരികിലെത്തി സത്യസന്ദേശത്തിന്റെ കൈത്തിരി പകർന്നു നൽകുന്ന പരിശുദ്ധമായ മലക്ക് ജിബ്‌രീൽ(അ)കൂട്ടിനെത്തുകയാണ്. കൈപിടിക്കാൻ വരികയാണ്. കൂടെ സഞ്ചരിക്കാൻ എത്തുകയാണ്. സന്തോഷത്തോടെ മറുകരയിലെത്താൻ സഹായിക്കുകയാണ്. ഒരു പത്ത് സ്വലാത്ത്. പരിശുദ്ധ റസൂൽ(സ)യുടെ മേലുള്ള പത്തുതവണത്തെ ഗുണത്തിനായുള്ള മനസ്സ് നിറഞ്ഞുള്ള പ്രാർത്ഥനയുടെ കാരണത്താൽ.

സ്വലാത്തിന് പ്രതിഫലം നിശ്ചയിച്ചതിന് കണക്കില്ല. ജിബ്‌രീൽ(അ)ന്റെ സ്വിറാത്തിലെ സഹായം മാത്രമല്ല ആ പത്ത് തവണത്തെ സ്വലാത്ത് കൊണ്ട് ലഭിക്കുന്നത്.

മീക്കാഈൽ(അ) പറയുന്നു: റസൂൽ(സ)യുടെ ഹൗളുൽ കൗസർ എന്ന പ്രത്യേക പാനീയം തേനിനേക്കാൾ മധുപരമുള്ള പാനീയം. ഒരിക്കൽ കുടിച്ചാൽ പിന്നീടൊരിക്കലും ദാഹം വരാത്ത പരിശുദ്ധമായ പാനീയം. പ്രവാചക പ്രേമികൾക്കല്ലാഹു നൽകുന്ന മധുര ശീതള പാനീയം. സ്വലാത്ത് ചൊല്ലിയതിനാൽ മീക്കാഈൽ(അ) അവനെ കുടിപ്പിക്കുമെന്ന്.

ഇസ്റാഫീൽ(അ) സുജൂദ് ചെയ്യുന്നു. അല്ലാഹുവിന്റെ മുന്നിൽ തല ഉയർത്താതെ സുജൂദിൽ തുടരുന്നു. പത്ത് തവണ സ്വലാത്ത് ചൊല്ലിയവന്റെ, ഹൃദയമറിഞ്ഞ റസൂലിനായുള്ള ഗുണത്തിന് വേണ്ടിയുള്ള പ്രാർത്ഥന നട

ത്തിയവന്റെ ദോഷങ്ങൾ അല്ലാഹു പൊറുത്ത് കൊടുക്കുന്നത് വരെ തുടരുന്നു. അല്ലാഹു അവന്റെ ദോഷങ്ങളൊന്നൊഴിയാതെ കഴുകിക്കളഞ്ഞാൽ മാത്രമേ ഇസ്റാഫീൽ(അ) സുജൂദിൽ നിന്ന് തല ഉയർത്തുകയുള്ളു.

മാലാഖമാർ നമ്മുടെ ദോഷങ്ങൾ പൊറുക്കാനായി സുജൂദിൽ കിടന്ന് പ്രാർത്ഥിക്കുക കേവലം പത്ത് തവണത്തെ സ്വലാത്ത് കാരണത്താൽ. ആലോചിക്കേണ്ടതിവിടെയാണ്. സ്വലാത്തിന്റെ പവിത്രത. സ്വലാത്തിന്റെ പരിശുദ്ധത.

കഴിഞ്ഞില്ല, പ്രസ്തുത സ്വലാത്തിന്റെ ഉടമക്ക് വേണ്ടി റൂഹ് പിടിക്കുന്ന അസ്റാഈൽ(അ)ന്റെ പ്രത്യേക പരിഗണന നോക്കൂ: ലോകത്ത് വന്ന പരിപൂർണ്ണരിൽ പരിപൂർണ്ണരായ അമ്പിയാഅ്, അല്ലാഹുവിന്റെ ഇഷ്ട ദാസന്മാർ. നന്മനിറഞ്ഞ ജീവിതം മാത്രം നയിച്ചവർ. സർവ്വ ശക്തനായ അല്ലാഹുവിനെ പരിചയപ്പെടുത്തി ലോക ജനസഞ്ചയത്തെ വിജയവഴിത്താരയിലേക്കാനയിക്കാനായി വന്ന ആ മഹത്തുക്കൾ. അവരുടെ അന്ത്യഘട്ടത്തിൽ അവരുടെ ആത്മാവുകളെ പിടിച്ചതെങ്ങനെയാണോ അതു പോലെയാണ് സ്വലാത്ത് ചൊല്ലിയവന്റെ ആത്മാവുകൾ പിടിക്കുകയെന്ന്.

ഭയാശങ്കകളില്ലാതെ സ്വിറാത്ത് പാലം മുറിച്ച് കടക്കുന്ന ഘട്ടത്തിൽ ജിബ്രീൽ(അ)മിന്റെ കൂട്ടിനായി അല്ലാഹു നിശ്ചയിച്ചത് സ്വലാത്ത്.

ദോഷം പൊറുക്കുവോളം സുജൂദിലായി ഇസ്റാഫീൽ(അ) നിലകാള്ളാൻ ഹേതുകമാവുന്നതും സ്വലാത്ത്. അമ്പിയാക്കളുടെ ആത്മാവുകളെ പിടിക്കുന്നത് പോലെ റൂഹിനെ പിടിക്കാൻ അസ്റാഈലിനെ പാകപ്പെടുത്തുന്നതും സ്വാലത്ത്.

പത്ത് തവണത്തെ ആ സ്വലാത്ത് വിജയത്തിന്റെ വഴി നിശ്ചയിച്ച് തരുമ്പോൾ, ഉദാസീനരായി സ്വലാത്തിൽ നിന്ന കന്ന പോലെ കഴിയുന്നത് എത്രമേൽ അപകടകരമാണെന്ന് ആലോചിക്കുക. നല്ലത് ഉൾക്കൊണ്ട് നല്ല വഴിയെ സഞ്ചരിച്ച് മഹത്തുക്കളോടൊത്ത് സംഗമിക്കാൻ സകല സൗകര്യങ്ങളും അല്ലാഹു ഒരുക്കിത്തരട്ടെ. ആമീൻ.

# സ്വർഗ്ഗത്തിലേക്കുള്ള വഴി

**عن عبد الرحمن بن عوف رضي الله عنه عن النبي صلى الله عليه وسلم انه قال جائني جبريل وقال يا محمد لا يصلى عليك احد الا صلى عليه سبعون الف ملك ومن صلت عليه الملائكة كان من اهل الجنة**

അബ്ദുറഹ്മാനുബ്നു ഔഫ്(റ) പറയുന്ന ഹദീസ്, തിരു ദൂതർ(സ) പറയുന്നു: ജിബ്രീൽ(അ) എന്നോട് പറഞ്ഞു: അങ്ങയുടെ മേൽ ആര് സ്വലാത്ത് ചൊല്ലിയോ അവരുടെ മേൽ എഴുപതിനായിരം മലക്കുകൾ സ്വലാത്ത് ചൊല്ലുന്നതാണ്. ആരുടെയെങ്കിലും മേൽ മലക്കുകൾ സ്വലാത്ത് ചൊല്ലിയാൽ അവർ സ്വർഗ്ഗാവകാശിയായി.

നബി(സ) പറയുന്നു: ജിബ്രീൽ(അ) പറഞ്ഞു: സ്വലാത്തിന്റെ പകരമായി നിൽക്കുന്നത് സ്വർഗ്ഗമാണെന്ന്.

ആ സ്വർഗ്ഗത്തിലേക്കുള്ള വഴിയൊരുക്കുന്നത് എഴുപതിനായിരം മലക്കുകളുടെ സ്വലാത്താണെന്ന്. എഴുപതിനായിരം മലക്കുകൾ ഒരാളുടെ മേൽ സ്വലാത്ത് ചൊല്ലാൻ അവസരമൊരുക്കിയത് പുണ്യ റസൂലിന്റെ മേലുള്ള സ്വലാത്താണെന്ന്.

സ്വലാത്തിലൂടെ സ്വർഗ്ഗത്തിലേക്ക് പ്രവേശിക്കാൻ അവസരം ഒരുക്കപ്പെടുന്നു. സ്വർഗ്ഗീയ സൗഖ്യത്തിന് സാഹചര്യമുണ്ടാകുന്നു. മലക്കുകളുടെ സ്വലാത്തിന് കാരണമായി ഭവിക്കുന്നു.

മുഹമ്മദുർറസൂലുല്ലാഹിയിലൂടെ മാത്രമേ സ്വർഗ കവാടങ്ങൾ തുറക്കപ്പെടുകയുള്ളു എന്ന യാഥാർത്ഥ്യമാണ് ഇവിടെ പരിചയപ്പെടുത്തി തരുന്നത്. അനുഗ്രഹങ്ങളുടെ മാത്രം ഇടതടവില്ലാത്ത് പ്രവാഹമാണ് സ്വർഗ്ഗം. അതിനവസരമുണ്ടാക്കുന്നത് സ്വലാത്ത്.

സ്വലാത്ത് ചൊല്ലാൻ മടി കാണിക്കുന്നവൻ സ്വർഗം നേടുന്നതിനാണ് മടിക്കുന്നത്. സ്വർഗ പ്രവേശമാണ് വേണ്ടെന്ന് വെക്കുന്നത്. മാലാഖമാരിലൂടെയുണ്ടാകുന്ന ആദരവാണ് ഇല്ലായ്മ ചെയ്യുന്നത്. ആദരണീയരായ മലക്കുകൾ വഴി നേടിയെടുക്കുന്ന മഹത്തായ സ്വർഗീയ ആരാമങ്ങൾ നേടിയെടുക്കാൻ, വിനഷ്ടമായ മനുഷ്യരുടെ തറവാട് തിരിച്ചു പിടിക്കാനുള്ള ആയുധമാണ് സ്വലാത്ത്.

അവാച്യമായ അനുഭൂതികളാണ് സ്വർഗ്ഗത്തിൽ ആസ്വദിക്കാനുള്ളത്. അത് നേടിത്തരുന്നത് സ്വലാത്താണ്. അനിതര സാധാരണമായ അസ്വാദനമാണ് സ്വർഗത്തിനകത്ത് ഒരുക്കി വെച്ചിരിക്കുന്നത്. അത് അടുത്തെത്തിക്കുന്നത് സ്വലാത്താണ്. അണമുറിയാത്ത അനുഗ്രഹങ്ങളാണ് സ്വർഗ്ഗത്തിനകത്ത് ഒരുക്കിയിരിക്കുന്നത്. അതിലേക്കെത്തിക്കുന്നത് സ്വലാത്താണ്. അല്ലാഹുവിന്റെ ദൂതന്മാരുമായി സംഗമിക്കണമെങ്കിൽ സ്വർഗ്ഗ പ്രവേശനം സാധ്യമാകണം. അതിനവസരമുണ്ടാക്കുന്നത് സ്വലാത്താണ്. അല്ലാഹുവിന്റെ സാമീപ്യം ലഭിക്കുന്നത് സ്വർഗത്തിൽ വെച്ചാണ്. അതിനായൊരുക്കുന്നത് സ്വലാത്താണ്.

ഇലാഹീ പ്രകാശത്തിലേക്കടുക്കുന്നത് യഥാർത്ഥ സ്വർഗ്ഗീയ ജീവിതത്തിലൂടെയാണ്. അത് കൈവരിക്കാനവസരമുണ്ടാക്കുന്നത് സ്വലാത്താണ്. ആത്യന്തികമായി അല്ലാഹുവിന്റെ തൃപ്തി സ്വായത്തമാക്കുന്നത് സ്വർഗ്ഗത്തിലൂടെയാണ്. അതിനും സൗഭാഗ്യമുണ്ടാക്കുന്നത് സ്വലാത്താണ്. സ്വലാത്ത് അല്ലാഹുവിലേക്ക് അടുക്കാനും അടുപ്പിക്കാനും വഴിയൊരുക്കും. സർവ്വ സൗഖ്യ സമ്പാദനത്തിന് വഴിയൊരുക്കും. അല്ലാഹു അനുഗ്രഹിക്കട്ടെ. ആമീൻ.

# സ്വലാത്തും ശഫാഅത്തും

**وعن عائشة رضي الله عنها انها قالت من احب النبي عليه الصلوة والسلام اكثر من الصلوة عليه وثمرته الوصول الى شفاعته وصحبته في الجنة**

ആയിശ(റ) പറഞ്ഞു: ആരെങ്കിലും തിരു റസൂൽ(സ)യെ സ്നേഹിച്ചാൽ അവരുടെ മേൽ സ്വലാത്ത് വർദ്ധിപ്പിക്കും. സ്വലാത്ത് വർദ്ധിപ്പിക്കുന്നതിലൂടെ അവന് തിരുറസൂൽ(സ)യുടെ ശഫാഅത്ത് ലഭിക്കുകയും സ്വർഗ്ഗത്തിൽ സഹവർത്തിത്തം കിട്ടുകയും ചെയ്യും.

തിരു ദൂതർ(സ)യെ സ്നേഹിക്കണം. പ്രിയം വെക്കണം. നബി(സ)യുമായി അനുരാഗത്തിലാകണം. തിരു നബിയുമായി പ്രേമത്തിലാകണം.

സ്നേഹം, തിരുദൂതരോടുള്ള സ്നേഹം ഈമാനാണ്. വിശ്വാസമാണ്. യഥാർത്ഥ വിശ്വാസം സ്നേഹമില്ലെങ്കിൽ വിശ്വാസമില്ല. ഈമാനില്ല.

സ്നേഹത്തിന്റെ പ്രകടനമാണ് സ്വലാത്തിന്റെ ആധിക്യം. മഹബ്ബത്തിന്റെ ആധിക്യമാണ് ഈമാനിന്റെ അടയാളം.

സ്വലാത്തിന്റെ ഫലം. അനുരാഗത്തിലധിഷ്ഠിത സ്വലാത്തിന്റെ ഫലം തരു ദൂതരുടെ ശഫാഅത്താണ്. അനിവാര്യമായ ശുപാർശ. ഏതൊരാളും കിട്ടണമെന്ന് കൊതിക്കുന്ന ശഫാഅത്ത്. സ്വലാത്തിന്റെ വർദ്ധനവിലൂടെ നേടിയെടുക്കാവുന്നതാണ്.

തിരു ദൂതരുടെ ശഫാഅത്തിന് അർഹത നേടിയാൽ രക്ഷപ്പെട്ടു. തിരു റസൂൽ (സ)യുടെ ശുപാർശക്ക് വിധേയനായവൻ വിജയിച്ചു.

വിജയത്തിന്റെ സൂത്രവാക്യം സ്വലാത്തിന്റെ വർദ്ധനവാണ്.

ശുപാർശക്ക് അർഹത നേടുന്നത് വരെ സ്വലാത്ത് വർദ്ധിപ്പിച്ചുകൊണ്ടിരിക്കണം.

ഇഷ്ടപ്പെട്ടവർക്ക് വേണ്ടിയാണ് ശുപാർശ പറയുക. സ്വലാത്തിലൂടെ കേവല ശുപാർശ മാത്രമല്ല ലഭിക്കുന്നത്. സ്വർഗത്തിൽ തിരു ദൂതരുടെ സുഹ്ബത്ത് ലഭിക്കും.

സ്വർഗത്തിലൊരിടം ലഭിക്കുന്നത് തന്നെ ഭാഗ്യമാണ്. സ്വർഗീയ ലോകത്ത് വസിക്കാനുള്ള അവസരം തന്നെ മഹാ ഭാഗ്യമാണ്. ഉന്നതമായ സ്വർഗത്തിലെത്തുന്നത് അതിലേറെ സന്തോഷം. പ്രപഞ്ചത്തിലെ ഏറ്റവും ഉദാത്തമായ വ്യക്തിത്വ ത്തിന്റെ ഉടമയുമായി സദാസമയവും സംഗമം തീർക്കുകയെ ന്നത് പിന്നെ പറഞ്ഞറിയിക്കാനാകാത്ത അനുഭൂതിയാണ്.

വിജയം കൊയ്തെടുക്കാനാഗ്രഹിക്കുന്നവർക്കഖിലം വേണ്ടത് സുഹ്ബത്തുർറസൂൽ(സ)യാണ്. തിരു ദൂതർക്ക് ലഭിക്കുന്നതഖിലം ലഭിക്കാനുള്ള അവസരമണത്. സൗഹൃദ ത്തിലുള്ളവനെ നന്മകളൊന്നിലും മാറ്റി നിർത്തപ്പെടുകയില്ല. പ്രത്യേകിച്ച് പുണ്യ റസൂൽ(സ).

സ്വലാത്ത് വർദ്ധിപ്പിക്കണം. സ്വർഗം നേടണം. ശഫാ അത്ത് ലഭിക്കണം. തിരു സുഹ്ബത്തിലാകണം. അങ്ങനെ കാരുണ്യവാനായ മനുഷ്യ പുത്രന് ലഭിക്കുന്ന അനുഗ്ഗഹ ങ്ങൾക്കഖിലം അവസരം ഉണ്ടാകണം. അഥവാ സ്വലാത്തി ലൂടെ അത് സാധിച്ചെടുക്കണം.

# റസൂൽ(സ) കേൾക്കുന്ന സ്വലാത്ത്

**قال النبي صلى الله عليه وسلم اكثروا من الصلوة علي يوم الجمعة وليلة الجمعة فان سائر الايام يبلغني الملائكة صلوتكم الا ليلة الجمعة يوم الجمعة فاني اسمع صلوت من يصلى علي باذني**

തിരു റസൂൽ(സ) പറയുന്നു: വെള്ളിയാഴ്ച രാവിലും പകലിലും നിങ്ങൾ എന്റെ മേലുള്ള സ്വലാത്ത് അധികരിപ്പിക്കുക. മറ്റുള്ള ദിവസങ്ങളിൽ നിങ്ങളുടെ സ്വലാത്ത് മലക്കുകൾ മുഖേനെയാണ് എന്റെ അരികിലെത്തുന്നത്. പക്ഷെ വെള്ളിയാഴ്ച രാവും പകലുമുള്ള നിങ്ങളുടെ സ്വലാത്ത് എന്റെ മേൽ ചൊല്ലുന്നത് ഞാനെന്റെ കാതുകൾ കൊണ്ട് തന്നെ കേൾക്കും. തീർച്ച.

സഹോദരങ്ങളെ, തിരു ദൂതരോട് നേർക്കു നേർ സംസാരിക്കാൻ ആഴ്ചയിൽ അല്ലാഹു അടിമകൾക്ക് അവസരം ഒരുക്കുകയാണ്. മറ്റു ദിനങ്ങളിൽ നാം ചൊല്ലുന്ന സ്വലാത്ത് തിരു ദൂതരിലേക്ക് എത്തിക്കാൻ മലക്കുകളെ അല്ലാഹു നിശ്ചയിച്ചിരിക്കുന്നു.

മദീനയുടെ ചാരത്ത്, റൗളയുടെ ഓരത്ത, പരിശുദ്ധ നബി(സ)യുടെ പരിശുദ്ധ സന്നിധാനത്തിൽ വെച്ച് സ്വലാത്ത് ചൊല്ലുമ്പോൾ കേൾക്കുന്ന പോലെയാണ് നേർക്കു നേരെ. റസൂൽ(സ) തന്റെ കാതുകൾ കൊണ്ട് ഒരു മറയുമില്ലാതെ, ഇടയിൽ മാലാഖമാരില്ലാതെ കേൾക്കുന്ന പകലാണ് വെള്ളിയാഴ്ച പകൽ. അതിന്റെ രാത്രിയും അങ്ങനെ തന്നെ.

തന്റെ ഉമ്മത്തിന്റെ ശബ്ദം കേൾക്കാൻ, കുഗ്രാമങ്ങളിൽ നിന്ന് ഉയരുന്ന സ്വലാത്തിന്റെ ശബ്ദം ശ്രവിക്കാൻ, പാവങ്ങളുടെ പ്രേമ ഗീതം കേൾക്കാൻ കാത്തിരിക്കുന്ന ദിവസങ്ങളിൽ നാം മാത്രം ആ വിശുദ്ധ കാതുകളിൽ സ്വലാത്തിന്റെ വീചികളയച്ചില്ലെങ്കിൽ പിന്നെന്തു സ്നേഹമാണ് നാം തിരു ദൂതരോട് പുലർത്തുന്നത്.

നമ്മുടെ മനസ്സ് കാത്തിരിക്കണം. ഹൃദയം പ്രതീക്ഷയോടെയിരിക്കണം, വെള്ളിയാഴ്ചയുടെ പകലിനും രാവിനുമായി.

നാം കേൾപ്പിക്കണം, നമ്മുടെ ശബ്ദം. പരിചിതമായ ഒരു സ്വരമായി നമ്മുടെ സ്വലാത്തും സലാമും റൗളയിലിരുന്ന് തിരു നബി(സ) കേൾക്കണം.

നമ്മുടെ നിരന്തരം ആവർത്തിക്കുന്ന ആഴ്ചയിലെ നേർക്കു നേരെയുള്ള സ്വലാത്തിലൂടെ നമ്മുടെ ശബ്ദം പുണ്യ റസൂൽ(സ) തിരിച്ചറിയണം. തിരു ദൂതരുമായി ഒരു അത്യുന്നത ബന്ധം അതുവഴി നാം രൂപപ്പെടുത്തണം.

നമ്മുടെ സന്താനങ്ങളെ പ്രസ്തുത സമയങ്ങൾ പരിചയപ്പെടുത്തണം. ഉമ്മയും ഉപ്പയും ആ സമയം അറിയണം. നമ്മുടെ ബന്ധത്തിലായി കഴിയുന്നവർ ആ സമയത്തിന്റെ പ്രാധാന്യം തിരിച്ചറിയണം. കാത്തിരിക്കുന്ന പ്രവാചകരുടെ ചാരെ നിരന്തരം ലഭിക്കുന്നതായി നമ്മുടെ സ്വലാത്ത്, നമ്മുടെ മാതാപിതാക്കളുടെ സ്വലാത്ത്, സന്താനങ്ങളുടെ സ്വലാത്ത് ആയി മാറണം.

നാം ബന്ധം സ്ഥാപിക്കുന്നവരഖിലം പുണ്യ റസൂലുമായി നേരിൽ ബന്ധം സ്ഥാപിച്ചവരായിത്തീരണം.

അങ്ങനെ പുണ്യം നിറഞ്ഞ സാന്നിധ്യം. ആ സാന്നിധ്യത്തിന്റെ ഔന്നിത്യം അതിന്റെ മാഹാത്മ്യം അൽപാൽപമായി ലഭ്യമാകുന്ന കൂട്ടായ്മയായി നമ്മുടെതാകണം. അല്ലാഹു അനുഗ്രഹിക്കട്ടെ.

# സ്വർഗ്ഗത്തിലേക്കുള്ള വഴി തെറ്റുന്നവർ

തിരുനബി(സ)പറയുന്നു: ഖിയാമത്ത് നാളിൽ ഒരു വിഭാഗം ജനങ്ങളോട് സ്വർഗത്തിലേക്ക് പോകാൻ കൽപ്പിക്കപ്പെടും. പക്ഷെ അവർക്ക് വഴിപിഴക്കും റസൂൽ(സ)യോട് ചോദിക്കപ്പെട്ടു: എന്തിനാലാണതെന്ന്. തിരുദൂതർ പറഞ്ഞു: അവരെന്റെ പേരുകേട്ടു. എന്റെ മേൽ സ്വലാത്ത് ചൊല്ലിയില്ല.

അനുഗ്രഹീതമായ സ്വർഗം, പ്രയാസങ്ങളുടെ ഖിയാമത്ത്. അനുഗ്രഹങ്ങളുടെ വീട്ടിലേക്ക് പോകാൻ കൽപന വരുന്നു. എത്രയോ പ്രതീക്ഷയോടെ സ്വർഗലോകങ്ങളുടെ അനുഗ്രഹങ്ങൾ പുൽകാൻ പുറപ്പെടുന്നവരുടെ ഹൃദയങ്ങൾ നാം

കാണണം. സന്തോഷം. ഏറെ ആഹ്ലാദം. എന്തന്നില്ലാത്ത ആനന്ദം. അതിരുളില്ലാത്ത അനുഗ്രഹവർഷത്തിനായി ലഭിച്ച ആമോദ നിമിഷങ്ങളെ പുൽകാനുള്ള പുറപ്പാട്. അങ്ങനെ സ്വർഗത്തിനായുള്ള യാത്രയിൽ വഴിയറിയാതെ വിഷമിക്കുന്നു. പ്രയാസപ്പെടുന്നു. വഴിതെറ്റി സ്വർഗത്തിലേക്കെത്താതെ അസ്വസ്ഥത അനുഭവിക്കുന്നു. കാരണം മറ്റൊന്നുമല്ല. സ്വലാത്ത് വിസ്മരിച്ചവരാണവർ. സ്വലാത്ത് മറന്ന് കളഞ്ഞവരാണവർ. തിരു ദൂതരു(സ)ടെ നാമം കേട്ടിട്ടും അവിടേക്കൊരു സ്വലാത്ത് സംഭാവന ചെയ്യാൻ മടിച്ചവരാണവർ

സ്വലാത്ത് മാർഗമാണ്. വഴികാട്ടിയാണ്. യഥാർത്ഥ ഗൈഡാണ്. അതില്ലാത്ത അമലുകൾ സ്വർഗവാതിലുകളുടെ അടുത്തെത്തിക്കുകയില്ല.

പ്രതീക്ഷാ നിർഭരമായ മനസുമായി പുറപ്പെട്ട സന്തോഷത്തോടെ സ്വർഗത്തിലേക്ക് ഇറങ്ങി തിരിച്ച് ലക്ഷ്യം കാണാതെ അലയുകയാണ്. സ്വലാത്തിന്റെ അഭാവമാണ് കാരണം.

തുടക്കത്തിലെന്നപോലെ ഒടുക്കത്തിലും സ്വലാത്ത് അതിന്റെ ധർമ്മം നിർവ്വഹിക്കും.

ഹൃദയത്തിന്റെ അകത്തളങ്ങളിൽ പ്രതീക്ഷ പെയ്തിറങ്ങിയവന്റെ യാത്ര മുടങ്ങി മനസിൽ തീക്കനൽ വിതറാൻ കാരണമാക്കിയത് സ്വലാത്തിനെ മാറ്റി നിർത്തിയതാണ്. തിരു ദൂതരുടെ നാമത്തിന്റെ കൂടെ അഥവാ അത്

കേൾക്കുന്ന ഘട്ടത്തിൽ സ്വലാത്ത് ചൊല്ലാതെ പോയതാണീ വഴിയറിയാതെ സ്വർഗ വാതിലുകൾക്കരികെത്താതെയാവാൻ കാരണം.

സ്വലാത്ത് നമ്മുടെ ജീവനായി മാറണം. ജീവിതത്തിന്റെ താളമായി കഴിയണം ആത്മാവിന്റെ ആവേശമാകണം. ഒരു നിമിഷവും തിരു ദൂതർ(സ)ടെ കൂടെ സ്വലാത്ത് ഓർക്കാതിരിക്കരുത്. ചെറിയ കാര്യമാണെന്ന് കരുതരുത്. നിസ്സാരമായി കരുതരുത്. നിന്ദ്യതയായി ഗണിക്കരുത്.

സദാ സമയത്തും ആ നാമത്തിന്റെ കൂടെ സ്വലാത്ത് ചേർത്തയക്കാൻ കഴിഞ്ഞാൽ ദുനിയാവിൽ മാത്രമല്ല, നാളെ ആഖിറത്തിലും വിജയിക്കാനാകും. സ്വർഗത്തിലേക്ക് പോകും വഴിയെ ഉണ്ടാകുന്ന അപകടം പോലും മാറ്റി നിർത്തപ്പെടും.

സ്വലാത്ത് പുണ്യറസൂലിന്റെ മേലുള്ള ഗുണത്തിനായുള്ള പ്രാർത്ഥന സ്വർഗീയ കവാടങ്ങളുടെ ചാരത്തെത്തിക്കാനുള്ള റൂട്ട് മാപ്പ് പോലെയാണ്. മാപ്പില്ലാതെ വഴി പിഴക്കുന്ന അവസരം നാം സൃഷ്ടിക്കരുത്. അല്ലാഹു നമ്മെ അനുഗ്രഹിക്കട്ടെ.

# ചുവന്ന പനിനീരും സ്വലാത്തും

**عن النبي صلى الله عليه وسلم من شم الورد الاحمر ولم يصل علي فقد جفاني**

നബി(സ) പറയുന്നു: ആരെങ്കിലും ചുവന്ന പനിനീർ വാസനിച്ചു എന്റെ മേൽ സ്വലാത്ത് ചൊല്ലിയിട്ടില്ലെങ്കിൽ അവൻ എന്നോട് പിണങ്ങിയിരിക്കുന്നു.

'വർദുൽ അഹ്മർ' ചുവന്ന പനിനീർ തിരുദൂതരെ ഓർമ്മപ്പെടുത്തുന്നതാണ്. റസൂൽ(സ)യെ ഓർമ്മപ്പെടുത്തുന്ന സമയത്ത് സ്വലാത്ത് എനിക്ക് നൽകിയില്ലങ്കിൽ അവൻ എന്നോട് പിണങ്ങിയിരിക്കുന്നു. സ്നേഹമുള്ളവർ എപ്പോഴും ഓർത്തു കൊണ്ടിരിക്കും. ഓർത്തോർത്ത് സ്നേഹകൈമാറ്റം നടത്തികൊണ്ടിരിക്കും അതിനുള്ള എത്ര ചെറിയ അവസരങ്ങളും ഇഷ്ട ജനത്തിന്റെ കരളിൽ കൗതുകമുണർത്തും സ്നേഹത്തിന്റെ ബഹിർപ്രകടനം നടക്കും..

തിരു ദൂതരെ ഓർമ്മിപ്പിക്കുകയാണ് റെഡ് റോസ്. കാരണം പറഞ്ഞുതരുന്നുണ്ട് അനസ്(റ)

**عن النبي صلى الله عليه وسلم خلق الله الورد الاحمر من بهائه وجعله ريحا لانبيائه فمن اراد ان ينظر الى بهاء الله ويشئم رائحة الانبياء فالينظر الى الورد الاحمر**

മഹാനവർകൾ പറയുന്നു: അല്ലാഹു ചുവന്ന റോസിനെ അവന്റെ ബഹാഇൽ നിന്ന്, തിരു പ്രഭയിൽ നിന്നാണ് പടച്ചത്. അത് അമ്പിയാക്കളുടെ സുഗന്ധമാക്കുകയും ചെയ്തു. അല്ലാഹുവിന്റെ ബഹാഇലേക്ക് നോക്കാൻ ആഗ്രഹിക്കുന്നവർ, അമ്പിയാക്കളുടെ സുഗന്ധമാസ്വദിക്കാൻ ഉദ്ദേശിക്കുന്നവർ ചുവന്ന പനിനീരിലേക്ക് നോക്കട്ടെ.

അമ്പിയാക്കളെ നമുക്ക് കാണാൻ കഴിഞ്ഞില്ല. അല്ലാഹുവിന്റെ പ്രഭയാസ്വദിക്കാൻ അൽപം പോലുമായില്ല. അതിലേക്ക് ചെറിയ ഒരവസരം അല്ലാഹു നൽകുന്നതിങ്ങനെയാണ്. പുണ്യറസൂലിനെ ഓർക്കാൻ, അമ്പിയാക്കളെ അഖിലം ഓർക്കാൻ സ്നേഹപൂർവ്വം അല്ലാഹുവിന്റെ പ്രഭയുടെ ഓർമ്മപ്പെടുത്തലിനായി അവൻ തന്നത് മനോഹരമായ ഒരു പൂവിനെയാണ്. പനിനീർ പുഷ്പത്തെയാണ്. റെഡ് റോസിനെയാണ്. ആ സുഗന്ധ സൂനത്തിൽ പ്രവാചകമാരുടെ സുഗന്ധമുണ്ട്. സ്വലാത്തിന്റെ ഓർമ്മപ്പെടുത്തലുണ്ട്. നാഥനെ കുറിച്ചുള്ള ഓർമ്മിക്കലിന്റെ പ്രകാശ സാന്നിധ്യമുണ്ട്. പ്രാപഞ്ചിക സൃഷ്ടികളിലൂടെ പ്രപഞ്ച നാഥനെയും

അവനെ പരിചയപ്പെടുത്താൻ വന്ന പരിശുദ്ധ പ്രവാചകൻമാരെയും ഓർമ്മപ്പെടുത്തുകയാണ്.

ഒരു പുഷ്പത്തെ കാണുമ്പോൾ ഓർക്കണം, ഒരു പൂവിനെ കാണുമ്പോൾ ഓർമ്മയിൽ വരണം മുഹമ്മദുർറസൂലുല്ലാ(സ). പൂക്കളുടെ സുഗന്ധത്തിലുണ്ടാകണം മുഹമ്മദുർ റസൂലുല്ല(സ). പൂക്കളുടെ നിറത്തിലുണ്ടാകണം മുഹമ്മദുർറസൂലുല്ല(സ). പൂക്കളുടെ നിറത്തിലുണ്ടാകണം മുഹമ്മദുർറസൂലുല്ല(സ).

വർദുൽ അഹ്മർ വാസനിക്കുമ്പോൾ ഒന്നേകാൽ ലക്ഷം വരുന്ന അമ്പിയാക്കളുടെ ശരീര വാസനയിലൂടെ സത്യത്തിന്റെ തുടരാവർത്തനങ്ങളെ നമ്മുടെ ഓർമ്മയിലെത്തിക്കുകയാണ്.

സ്വലാത്ത് ചൊല്ലിവേണം അല്ലാഹുവിനെ ആദരിക്കാൻ. സ്വലാത്തിലൂടെ വേണം അമ്പിയാഇന്റെ ശരീര സുഗന്ധം ആസ്വദിക്കാൻ. എവിടെയും സ്വലാത്ത് അതിനായുള്ള അവസരങ്ങൾ. ചെറു ചെടികൾക്കിടയിൽപോലും.

സ്വലാത്തിന്റെ അഭാവമാണ് എങ്കിൽ എന്നോട് പിണങ്ങിയെന്നാണ് തിരു റസൂൽ(സ) പറഞ്ഞുതരുന്നത്. സുഖത്തിന് പോലും സ്വലാത്ത്, സ്നേഹം നിറഞ്ഞ സ്വലാത്ത് പ്രേമത്തിലൂട്ടിയ സ്വലാത്ത്.

# മുഹമ്മദ് എന്ന പേര്

**قال النبي صلى الله عليه وسلم اذا تسميتم محمدا فأكرموه واسعوا له في المجالس ولا تقبحوا له وجها وعنه صلى الله عليه سولم ما اجتمع قوم في مشورة وفيهم رجل اسمه محمد ولم يدخلوه في مشورتهم الا لم يبارك لهم**

നബി(സ) പറയുന്നു: നിങ്ങൾ മുഹമ്മദെന്ന പേര് വെച്ചാൽ അവരെ ആദരിക്കണം സദസ്സുകളിലവർക്ക് വിശാലത നൽകണം. വികൃത മുഖം അവരിലേക്ക് തിരിക്കരുത്.

തിരു ദൂതർ(സ) വീണ്ടുംപറയുന്നു: ഒരു ചർച്ചയുടെ ഇടയിൽ മുഹമ്മദെന്ന പേരുള്ള ഒരാളുണ്ട്. അവനെ ആ ചർച്ചയിൽ നിന്ന് മാറ്റി നിർത്തിയാൽ അവക്ക് ബർക്കത്ത് ഉണ്ടാവില്ല.

പുണ്യ ദൂതരുടെ നാമത്തിന്റെ വിശുദ്ധിയാണത്. ആ നാം വിളിക്കപ്പെട്ടവർ ആദരണീയനായിരിക്കണമെന്നത് തിരു ദൂതരുടെ താൽപര്യമാണ്. കേവലമായ ഒരു പേരിന് പോലും പ്രാധാന്യം. ആദരവ് നൽകണമെന്നത് റസൂൽ(സ) യുടെ ആഹ്വാനമാണ്. അത് അവഗണിച്ചാൽ അപകടമാണ്.

പേരിടുമ്പോൾ നമ്മുടെ  മക്കളും ആദരവിന് അർഹ രാകണം. റസൂൽ(സ)യുടെ ഭാഗത്ത് നിന്ന് ലഭിക്കുന്ന ആദ രവ്, തിരുദൂതരുടെ നാമം വഴി ലഭിക്കുന്ന ആദരവ് അത് നമ്മുടെ സന്താനങ്ങൾക്ക് തടയപ്പെടാതിരിക്കാൻ നാം ശ്രമി ക്കണം. മുഹമ്മദ്(സ)യുടെ പേര് വിളിക്കുന്നതിലൂടെ ആദര വിന് അർഹനാകുന്നത് തടയാൻ നാം ശ്രമിക്കരുത്.

ആധുനിക മോഡലുകൾ നമ്മെ കാർന്ന് തിന്നുകയാ ണിന്ന്. വസ്ത്രവും ഭക്ഷണവും പാർപ്പിടവും എല്ലാം നവ വൽക്കരണത്തിന്റെ പുതിയ പ്രതലം തേടുന്നു. അതി നൊത്ത് നാമങ്ങളും കൂട്ടങ്ങളായി മാറ്റുന്നതിൽ മൽസരി ക്കുന്ന നെറ്റുകളും സെറ്റുകളും നമ്മുടെ ഭാര്യമാരെ പിടിച്ച് നിർത്തുന്നു. പുണ്യറസൂലിന്റെ പേര് വിളിക്കുമ്പോൾ മാറ്റി നിർത്തുന്നു. ഏതൊക്കയോ പേര് വിളിച്ച് അവരെ തിരു ദൂത രുടെ തിരു നോട്ടത്തിൽ നിന്ന് മാറ്റി നിർത്തുന്നു. ഇത് അപ കടമായി കാണാൻ പോലും അവർക്കാകുന്നില്ല.

പൂമേനി(സ)യുടെ പേര് നൽകി അല്ലാഹുവിന്റെയും അടിമകളുടെയും

ആദരവ് ലഭിക്കുന്ന സാഹചര്യം അന്യം നിർ ത്ത രുത് നാം.

മുഹമ്മദെന്ന പേര് ആർക്ക് ലഭിച്ചാലും അവൻ ആദര ണീയനാണ്. അവനെ ആദരിക്കണമെന്ന്. ഒരു സദിൽ കൂടു മ്പോൾ ആ പേര് കാരണം അവന് ഇടം നൽകണം. വിശാ ലത കാണിക്കണം മറ്റുള്ളവരെ പോലെ അവനെ അവഗ ണിച്ച് മാറ്റി നിർത്തരുതെന്ന് പുണ്യറസൂലിന്റെ ആജ്ഞയാ ണ്.

തിരു ദൂതർ(സ)യുടെ പേര് വിളിക്കപ്പെട്ടവരെ കണ്ടാൽ അവന്റെ കർമ്മങ്ങൾക്കതീതമായ ആദരവ് ലഭി ക്കുക എന്നത് നാം തിരിച്ചറിയുക. സദസ്സുകളിൽ പോലും മാറ്റി നിർത്തരുതെന്ന തിരു ദൂതർ(സ)യുടെ വാക്കുകൾ നാം ഓർത്തിരിക്കുക.

അവരെ സന്തോഷത്തോടെ നോക്കണം വികൃത ഭാവങ്ങൾ അവനു നേരെ തിരിക്കരുത് മുഖം ചുളിക്കാൻ മുഖം കൊണ്ട് ഈർഷ്യത പ്രകടിപ്പിക്കാനും അവനെ തെരെ ഞ്ഞെടുക്കരുത് കാരണം അവൻ മുഹമ്മദാണ്. ???? പരിഹാ സവും കളിയാക്കലും ഒഴിവാക്കണം.

ഇവിടെ പ്രത്യേകം ഓർക്കേണ്ട ഒന്നുണ്ട്. ആ നാമം ലഭിച്ചവന് മറ്റുള്ളവർ നൽകേണ്ടതാണീ പറഞ്ഞത്. അത് ലഭിച്ചവൻ മുഹമ്മദാണെന്ന ഓർമ വേണം. അഹ്മദാണന്ന ബോ ധം വേണം. ആളുകളുടെ ആദരവ് ലഭിക്കുമ്പോൾ

ഹബീ(സ)നെ കൊണ്ടാണിത് ലഭിച്ചതെന്ന ചിന്ത വിട്ടകളയരുത്. നിന്നെ നോക്കുമ്പോഴെല്ലാം ഹബീബ(സ)ക്ക് പേര് ദോശമുണ്ടാകുന്നതഖിലം ഒഴിവാക്കാൻ മുഹമ്മദ് തയ്യാറാകണം. സദസ്സുകൾക്ക് അലങ്കാരമായി മുഹമ്മദ് മാറണം. മുഖപ്രസന്നത ചോദിച്ചു വാങ്ങാൻ പോന്നതായിരിക്കണം മുഹമ്മദിന്റെ ചൈതികൾ മറ്റുള്ളവരെ ചുളിഞ്ഞമുഖത്തോടെ നോക്കാനുള്ള അവസരം  മുഹമ്മദ് ഉണ്ടാക്കാതെ സൂക്ഷിക്കണം. അങ്ങനെ മുഹമ്മദെന്ന നാമം ലഭിച്ചവന്റെ ചുറ്റും മുഹമ്മദീയ വസന്തമായി മാറുന്ന സാഹചര്യം മുഹമ്മദിലൂടെ ഉണ്ടാകണം. മുഹമ്മദിലൂടെ മുഹമ്മദുർറസൂലല്ലയിലേക്ക് അടുക്കുന്ന സാഹചര്യമൊരുങ്ങണം.

ഒരു സുപ്രധാന ചർച്ച നടക്കുന്നു. തീരുമാനിക്കാതിരിക്കുന്നു. തീരുമാനത്തിൽ അല്ലാഹുവിന്റെ  സഹായമുണ്ടാകണം. അവന്റെ നോട്ടമുണ്ടാകണം. അവന്റെ കാരുണ്യം വർഷിക്കണം. ലളിതമായൊരു മാർഗമാണ് തിരു ദൂതർ തരുന്നത്. കൂട്ടത്തിൽ മുഹമ്മദെന്ന പേരുള്ളവൻ ഉണ്ടോ എന്ന് നോക്കുക. അവനെ ചർച്ചയിൽ പങ്കെടുപ്പിക്കുക അവന് ഒരു പരിഗണന കൊടുക്കുക. അവൻ പറയുന്ന അഭിപ്രായം ശ്രദ്ധിക്കുക. അവനെ ആ സദസ്സ് ആദരിക്കുന്നതോടെ ആ കൂട്ടായ്മ പുണ്യമുള്ളതായി. ആ ചർച്ച ബർക്കത്തുള്ളതായി. ആ തീരുമാനം ബർത്തുള്ളതായി. അല്ല മുഹമ്മദെന്ന പേരുള്ളവനെ അകറ്റിനിർത്തിയാൽ ചർച്ചയും  തീരുമാനവും

അല്ലാഹുവിന്റെ നോട്ടത്തിൽ നിന്ന് അകന്ന് ബർക്കത്തില്ലാത്തതായി മാറും.

ബഹുമാനവും ആദരവും അല്ലാഹുവും റസൂൽ(സ)യും പറഞ്ഞവർക്ക് നൽകുന്നതിൽ നാം മടികാണിക്കരുത്. അവരുടെ അസാന്നിധ്യം നാം ആഗ്രഹിക്കരുത്. തിരു ദൂതരെ ഓർമ്മപ്പെടുത്തുന്ന അവന്റെ നാമത്തിന്റെ പരിശുദ്ധി നാം അംഗീകരിക്കുക തന്നെ വേണം. ആരെങ്കിലും അവഗണിക്കുന്നുവെങ്കിൽ മുഹമ്മദാണിതെന്ന് ഓർമ്മപ്പെടുത്തണം. മുഹമ്മദിൽ നിന്ന് അരുതായ്മ വന്നാൽ സ്നേഹപൂർവ്വം അവന്റെ പേരിന്റെ പരിശുദ്ധി അവനെ ഓർമ്മപ്പെടുത്തണം. അല്ലാഹു അനുഗ്രഹിക്കട്ടെ.

# പൈതങ്ങളുടെ കരച്ചിൽ

**عن ابن عباس رضي الله عنه لا تضربوا اطفالكم عن بكائهم سنة فأن بكائهم اربعة اشهر لا اله الا الله محمد رسول الله واربعة اشهر صلوة على محمد واربعة اشهر دعاء لوالديهم**

ഇബ്നു അബ്ബാസ്(റ) റിപ്പോർട്ട് ചെയ്യുന്ന ഹദീസ്: തിരു ദുതർ(സ)പറയുന്നു: ഒരു വയസ് വരെ കുട്ടികൾ കരയുന്ന തിന് നിങ്ങൾ അവരെ അടിക്കരുത്. ആദ്യ നാലുമാസങ്ങ ളിലെ അവരുടെ കരച്ചിൽ വിശുദ്ധ തൗഹീദ് എടുക്കലും അടുത്ത നാലുമാസം തിരു ദൂതരുടെ മേലുള്ള സ്വലാത്തും തുടർന്നുള്ള നാലുമാസങ്ങളിലെ കരച്ചിൽ മാതാപിതാ ക്കൾക്ക് വേണ്ടിയുള്ള പ്രാർത്ഥനയുമാണ്.

പ്രസവത്തിന്റെ ഉടനെ പിഞ്ചു പൈതങ്ങളെ ചുണ്ടുകളിലൂടെ, അക്ഷരമറിയാത്ത കാലത്ത് കുഞ്ഞിളം ചുണ്ടുകൾ പറയുന്നത് വിശുദ്ധമായാ തൗഹീദാണെന്ന്. ആദ്യനാലുമാസത്തെ കരച്ചിൽ അതാണെന്ന് സയ്യിദുനാ മുഹമ്മദ്(സ) പറഞ്ഞു തരുന്നു.

ജീവിതത്തിൽ ഒരിക്കൽ പോലും കളവ് പറഞ്ഞിട്ടില്ലാത്ത റസൂൽ(സ)യുടെ വചനങ്ങളാണത്. പൊട്ടിക്കരയൽ പോലും അല്ലാഹുവുമായുള്ള പൈതലിന്റെ ബന്ധമാണന്ന് തിരു ദൂതർ പഠിപ്പിക്കുന്നു.

കുഞ്ഞു പൈതങ്ങളുടെ കരച്ചിൽ കേട്ട് അസ്വസ്ഥരാകുന്ന എത്രയോ കുടുംബങ്ങൾ. രാത്രിയിലും പകലും കരയാതിരിക്കുകയാണെങ്കിൽ വളരെ സന്തോഷം രേഖപ്പെടുത്തുന്ന ദമ്പതികൾ. ആലോചിക്കുക, നമ്മുടെ കുരുന്നുകൾ കരയണം. ആദ്യനാലുമാസം തൗഹീദെടുക്കണം. ﷺ അത് നിർവ്വഹിക്കപ്പെടണം. അൽപനേരം പോലും കരയാതെ കഴിയുന്ന കുട്ടികളെ കാണുമ്പോൾ തൗഹീദിന്റെ മധുര സ്വരം ﷺ ലഭിക്കാനുള്ള പ്രാർത്ഥന നിറഞ്ഞ മനസ്സാണ് ഉമ്മക്കുണ്ടാകേണ്ടത്. അടുത്ത നാലുമാസത്തെ കരച്ചിൽ സ്വലാത്താണ്. ചെറുപ്പത്തിലേ പുണ്യ ദൂതരുമായാണ് ബന്ധം സ്ഥാപിക്കേണ്ടതെന്ന് അല്ലാഹു നിശ്ചയിച്ചിരിക്കുകയാണ്. അത് കരച്ചിലിലിലൂടെയാണ് അല്ലാഹു നിർവ്വഹിക്കുവാൻ അവസരമൊരുക്കുന്നത്.

അജയ്യ പ്രതാപശാലിയായ അല്ലാഹു ഏതൊരു കുട്ടിയും ഇത് ചെയ്യണമെന്ന് നിശ്ചയിച്ചു. അതിന് പുതിയ ഒരു ട്യൂൺ നൽകി. കരച്ചിൽ സന്തോഷത്തോടെ കുട്ടിയുടെ നാലുമാസത്തെ തൗഹീദും സ്വലാത്തും ആനന്ദപൂർവ്വം കേട്ട ഉമ്മ അമ്മിഞ്ഞ നൽകുമ്പോഴും മാറോട് ചേർത്ത് കിടക്കുമ്പോഴും പൈതലിൽ നിന്നുണ്ടാകുന്ന ഈ അമര ശബ്ദം മാതാവിനെയും അല്ലാഹുവിലേക്കും റസൂൽ(സ)യിലേക്കും അടുപ്പിക്കുന്നു. ആഹ്ലാദകരമായ പരിസരം അതോടെ രൂപപ്പെട്ടു. ആദ്യത്തെ നാളുകളിൽ ഇബ്‌ലീസിനെ അകറ്റി നിർത്താൻ അല്ലാഹു ഒരുക്കിയ വജ്ര കവചമാണത്. ശൈത്താനെ ആട്ടുകയാണ് കുട്ടി. തൗഹീദിലൂടെ, സ്വലാത്തിലൂടെ അല്ലാഹു ദുർബല കാലങ്ങളെ പ്രബലമാക്കുന്നതെങ്ങനെയാണ്

പ്രസവത്തിന് ശേഷം ഉമ്മയുടെ മനസിൽ തൗഹീദ് നിറയണം. സ്വലാത്ത് നിലനിൽക്കണം. ആദ്യ ആഹാരം ദൈവീക സ്മരണയിലും പ്രവാചക പ്രേമത്തിലും ചാലിച്ചെടുത്തതാകണം. അതുവഴി സ്നേഹിക്കാനറിയുന്ന പുതിയ ഒരു തലമുറയുടെ സൃഷ്ടിയുടെ പ്രഥമരംഗം നന്നാക്കിയെടുക്കണം. അതിനാണ് ശുഭാവസരം ഉപയോഗപ്പെടുത്തേണ്ടത്

ശാപവാക്കുകൾ പറഞ്ഞ് പരിശുദ്ധമായതിനെ നിന്ദിക്കുന്ന പ്രകൃതമാണ് പലർക്കുമുണ്ടാകുന്നത്. കുഞ്ഞുപൈതൽ കരച്ചിലാരംഭിക്കുമ്പോഴേക്കും അസ്വസ്ഥരായി മാറുന്ന

മാതാപിതാക്കൾ തിരിച്ചറിവിലേക്ക് വരണം. കളവ് പറയാൻ പാടില്ലാത്ത തിരു ദൂതർ(സ) പഠിപ്പിച്ച പാഠഭാഗങ്ങൾ നമ്മുടെ നാളെയുടെ വിശുദ്ധിക്കുവേണ്ടി അല്ലാഹു ഒരുക്കി വെച്ചത് പഠിപ്പിച്ച് തരികയാണ് ചെയ്യുന്നത്.

സഹോദരി, ഇപ്പോൾ നിന്റെ മനസ് മാറി. കുഞ്ഞിനെ നീ വാരിയെടുത്തു ഉമ്മ വെച്ചു. ആ ചുണ്ടുകളിൽ നിന്റെ ചുണ്ടുകൾ പതിയുമ്പോൾ കേൾക്കുന്ന കരച്ചിൽ പുണ്യതൗഹീദാണ്. പരിശുദ്ധ സ്വലാത്താണ് എന്ന് തിരിച്ചറിഞ്ഞു. കുട്ടിയുടെ ആദ്യ നാലുമാസങ്ങളിലെ കരച്ചിലിനോടൊത്ത് നിന്റെ മനസിലും തൗഹീദ് വിടരട്ടെ, ആത്മാവുകളുടെ സ്പന്ദനം സ്വലാത്താകട്ടെ.

മദീനയാവട്ടെ മനസിൽ. നീ പ്രാർത്ഥിക്കുക. അർഷിന്റെ ഉടമസ്ഥനോട് തൗഹീദുരവിട്ട കുട്ടിയുടെ ചാരെ നിന്നുകൊണ്ട് ഇരുന്ന്കൊണ്ട് കുട്ടിയെ മാറോട് ചേർത്ത് കിടന്ന്കൊണ്ട് അല്ലാഹുവേ ഈ കുട്ടിയെ തൗഹീദിന്റെ വാഹകനാക്കണേ, തൗഹീദിന്റെ പ്രചാരകനാക്കണേ, തൗഹീദിന്റെ സമകാലികനായകന്റെ ഖാദിമുകളിൽ ഉൾപ്പെടുത്താം.

പ്രഥമഘട്ടത്തിൽ നിന്റെ കുഞ്ഞിന്റെ വളർച്ചയുടെ ആദ്യകാലത്ത് കേട്ട തൗഹീദ് ഓർത്ത് നീ നടത്തുന്ന നിന്റെ പ്രാർത്ഥന കാരുണ്യവാനായ അല്ലാഹു തള്ളിക്കളയില്ല.

നിന്റെ കണ്ണും കാതും അധരങ്ങളും തൗഹീദുരവിടുന്ന ഒരു പിഞ്ചു ബാലന്റെ ബാലികയുടെ ചുണ്ടുകളിലാണ്. കൗതുകത്തോടെ ഏറെ വിശുദ്ധമായ ആ അധരങ്ങൾ പുറത്തു വിടുന്നതും പാവനമാണ്. അരുതാത്തതൊന്നും പറഞ്ഞിട്ടില്ലാത്ത ആപൈതൽ കേൾപ്പിക്കുന്ന തൗഹീദ് ആരെയാണ് അല്ലാഹുവിലേക്ക് അടുപ്പിക്കാത്തത്.

അല്ലാഹുവിന്റെ കരുണ നിറഞ്ഞ നിക്ഷേപമാണ് ആദ്യനാലുമാസത്തെ നിന്റെ കുട്ടിയുടെ തേങ്ങലിനിടയിൽ നീ കേട്ടത്.

സഹോദരീ

തുടർന്നുള്ള നാല് മാസം നിന്റെ കുരുന്നു പൈതൽ മദീനയിലേക്കടുപ്പിക്കുന്നു. അർശിന്റെ മുന്നിലെ തൂണിളക്കുന്ന തൗഹീദിന്റെ മന്ത്രധ്വനികളുടെ അമര ശബ്ദത്താൽ പ്രശോഭിതമായ നിന്റെ പരിസരങ്ങളെ മദീനയുടെ സുഖന്ധം പൂശുകയാണവൻ ചെയ്യുന്നത്.

തുടർച്ചയായി നാലുമാസം പുണ്യറസൂലിന്റെ മേൽ സ്വലാത്ത് നിർവ്വഹിക്കുകയാണവൻ നിന്റെ കണ്ണും മനസും മദീനയിലെത്തട്ടെ, ത്വൈബയുടെ സുഗന്ധം രാപ്പകലില്ലാതെ നിന്നെതേടിയെത്തട്ടെ. അതുവഴി നിന്റെ പരിശുദ്ധമായ അമ്മിഞ്ഞ നുകരുന്ന പൈതലിനെയും പ്രവാചക സ്മരണയിൽ രൂപപ്പെട്ട അമ്മിഞ്ഞ പാലിന്റെ ഔഷധം അനുപമമായ പ്രവാചകപ്രേമിയാക്കിമാറ്റട്ടെ.

സഹോദരീ നീ അനുഗ്രഹീതയാണ്. തൗഹീദും സ്വലാത്തും ചെയ്തു തീർത്ത ആദ്യത്തെ എട്ടുമാസത്തെ വിശുദ്ധയിൽ കഴിഞ്ഞ നിന്റെ പിഞ്ചോമന നിനക്കായുള്ള പ്രാർത്ഥനയിലാണ്. നിന്റെ ഭർത്താവിനായുള്ള പ്രാർത്ഥന യിലാണ് അടുത്ത നാലുമാസം.

തെറ്റെന്തെന്ന് അറിയാത്ത ആ അരുമയുടെ പ്രാർത്ഥന തീർച്ചയായും അല്ലാഹു സ്വീകരിക്കും. തൗഹീദും സ്വലാത്തും വിടർന്ന ചുണ്ടുകൾ നിങ്ങൾക്ക് വേണ്ടിയുള്ള പ്രാർത്ഥന നിർവ്വഹിക്കുമ്പോൾ നിന്റെ കണ്ണ് നിറയണം. മനസ് തുടിക്കണം ശരീരം രോമാഞ്ച ജനകമാ ക്കണം. തൗഹീദിന്റെ സമ്പൂർണ്ണമായ സാന്നിദ്ധ്യത്തിന് വേണ്ടി, സ്വലാത്തിന്റെ മധുര ലയത്തിന് വേണ്ടി.

ജീവിതത്തിൽ പല തവണ ആവർത്തിക്കപ്പെടുന്ന ഈ അസുലഭ മുഹൂർത്തങ്ങളുടെ ആവർത്തനത്തിനായി ആഗ്രഹിക്കുന്നവരായി നിങ്ങൾ മാറണം. നിയന്ത്രണമല്ല വേണ്ടത് നിരന്തരമായ നിർവ്വഹണമാണന്ന ബോധത്തി ലേക്ക് നീ ഉയരണം ഉയരണം. അല്ലാഹു അനുഗ്രഹിക്കട്ടെ.

# സ്ഥാനത്തിന്റെ മാനദണ്ഡം

**عن النبي صلى الله عليه وسلم انه كان جالسا في المسجد فدخل عليه شاب فعظمه واجلسه بجنبه فوق ابي بكر رضي الله عنه ثم اعتذر النبي صلى الله عليه وسلم اليه فقال يا ابابكر انما اجلسته اعلى منك لانه ليس في الدنيا احد يصلى علي اكثر منه**

തിരു ദൂതർ(സ)യിൽ നിന്ന് റിപ്പോർട്ട് ചെയ്യുന്ന ഹദീസിൽ കാണുന്നു:

ഒരിക്കൽ തിരു ദൂതർ(സ)മസ്ജിദിലിരിക്കുന്നു. അതു വഴി ഒരു യുവാവ് വന്നു. അപ്പോൾ അദ്ദേഹത്തെ തിരു ദൂതർ (സ)ബഹുമാനിക്കുകയും അബൂബക്കർ സിദ്ദീഖ്(റ)വിനെ ക്കാൾ ഉന്നതമായ സ്ഥലത്ത് ഇരുത്തുകയും ചെയ്തു.

ശേഷം നബി(സ) പറഞ്ഞു: അബൂബക്കർ, നിശ്ചയം അ ദ്ദേഹത്തെ നിങ്ങളെക്കാൾ ഉന്നതമായ സ്ഥാനത്തിരുത്തി യത് ദുനിയാവിൽ അദ്ദേഹത്തെക്കാൾ എന്റെ മേൽ സ്വലാത്ത് ചൊല്ലിയ മറ്റൊരാളുമില്ല എന്നതിനാലാണ്.

സഹോദരങ്ങളെ സ്വലാത്തിന്റെ മഹത്വം അവർണനീ യമാണ്. സിദ്ദീഖുൽ അക്ബർ(റ) ഏറെ ഉന്നതനാണ്, അദ്ദേ ഹത്തെക്കാൾ മഹത്വമുള്ളവരായി ഉമ്മത്തിൽ ഏറെപ്പേരെ കാണാനാകില്ല.

അബൂബക്കറിന്റെ ഈമാൻ മറ്റുള്ള സകലരുടെയും ഈമാനിന് സമാനം നിൽക്കുമെന്ന് പറഞ്ഞ, പഠിപ്പിച്ചതിരു ദൂതർ(സ) അബൂബക്കറിനേക്കാൾ ഉന്നതമായ സ്ഥാനം നൽകി ആദരിച്ചത് സ്വലാത്ത് കൊണ്ട് മുന്നിലെത്തിയ ഒരു ചെറുപ്പക്കാരനെയാണ്.

സ്വലാത്ത്, അനിർവ്വചനീയ സ്ഥാനമാണതിന് ഇസ്‌ലാം കൽപ്പിച്ചതും തിരുദൂതർ (സ) കാണിച്ച് തന്നതും. അത്കൊണ്ട് നാം സ്വലാത്ത് കൊണ്ട് മുന്നേറണം.

ഒരിക്കൽ അബൂബക്കർ (റ) പറഞ്ഞു:

**قال ابو بكر الصلوة على رسول الله صلى الله عليه وسلم امحق للذنوب من الماء البارد للنار الحامية**

**والسلام عليه افضل من عتق الرقاب لان العتق يقابل بالعتق من النار والصلوة والسلام على النبي صلى الله عليه وسلم يقابلان بالصلوة والسلام من الله**

തിരുദൂതർ (സ)യുടെ മേലുള്ള സ്വലാത്ത് ദോഷങ്ങളെ ഏറ്റവുമധികം മായ്ചുകളയുന്നതാണ്. തണുപ്പുള്ള വെള്ളം നല്ല ചൂടുള്ള തീ അണച്ച് കളയുന്നപോലെ.

തിരു ദൂതർ(സ)ക്കുള്ള സലാം അടിമ മോചനത്തെക്കാൾ ശ്രേഷ്ടമാണെന്ന് കാണാം. അടിമയെ മോചിപ്പിച്ചാൽ അതിന് നരകത്തിൽ നിന്നുള്ള മോചനമാണ് പകരം നിൽക്കുന്നത്. അഥവാ തിരുദൂതരുടെ മേലുള്ള സ്വലാത്തും സലാമും വഴി അല്ലാഹുവിൽ നിന്നുള്ള സ്വലാത്തും സലാമുമാണ് പകരം ലഭിക്കുന്നത്.

അല്ലാഹുമായി ഏറ്റവും അധികം അടുപ്പിക്കുന്നത് പുണ്യറസൂലിനോടുള്ള അടുപ്പമാണ്. റസൂൽ(സ)യുമായി എല്ലാ പ്രതിസന്ധികളിലും പ്രയാസങ്ങളിലും കൂടെ കഴിഞ്ഞ സിദ്ദീഖുൽ അക്ബർ (റ) പറഞ്ഞ് തരുന്നതാണിത്.

മറ്റുകർമ്മങ്ങളെക്കാൾ സ്വലാത്തിനും സലാമിനുമാണ് മഹത്വമെന്ന് തിരിച്ചറിഞ്ഞതാണ് അബൂബക്കർ സിദ്ദീഖ് (റളിയ) നെ വ്യതിരിക്തനാക്കിയത്.

ഒരിക്കൽ സിദ്ധീഖ് (റ) നോട് തിരുദൂതർ ചോദിച്ചു. സിദ്ദീഖ്, താങ്കൾക്ക് ഏറ്റവും ഇഷ്ടപ്പെട്ട സംഗതിയെന്താണ്. സിദ്ധീഖ് (റ) പറഞ്ഞു: نظري اليك يا رسول الله

അങ്ങയെ കാണലാണ് ഏറ്റവും ഇഷ്ടമായത്.

തിരുദൂതർ ചോദിച്ചു: പിന്നെന്താണ്?

സിദ്ദീഖ് (റ) പറഞ്ഞു: جلوسي بين يديك يا رسول الله

തിരുദൂതരേ, അങ്ങയുടെ മുന്നിലിരിക്കലാണ് രണ്ടാമതായി ലോകത്ത് വെച്ചേറ്റവും എനിക്കിഷ്ടം.

തിരുദൂതർ (സ) വീണ്ടും ചോദിച്ചു: പിന്നെന്താണ്

സിദ്ദീഖ് (റ) പറഞ്ഞു: انفاق مالى عليك يا رسول الله

തിരു ദൂതരേ, എനിക്കുള്ളതെല്ലാം അങ്ങേക്ക് വേണ്ടി ചിലവഴിക്കലാണന്ന്

തിരു ദൂതരുടെ കൂടെ കഴിയാനുള്ള അദമ്യമായ ആഗ്രഹത്തിന്റെ പൂരണം തീർക്കുകയാണ് പ്രവാചക സ്നേഹിയായ സിദ്ദീഖ് (റ). തന്റെ മറുപടിയിലൂടെ അതാണ് പ്രകടമാക്കിയത്.

ഈമാൻ മുഹമ്മദുർറസൂലുല്ലാ(സ)യാണെന്ന് തിരിച്ചറിഞ്ഞ സിദ്ദീഖ്(റ) തിരു ദൂതരിൽ നിന്ന് ദേഹവും ദേഹിയും തനിക്ക് ലഭിച്ചതൊന്നും അന്യമാവരുതെന്ന് കരുതി നീങ്ങുകയായിരുന്നുവെന്ന് പഠിപ്പിക്കുന്നതാണാ ഉത്തരങ്ങൾ.

രാപ്പകലില്ലാതെ തിരു ദൂതരുടെ കൂടെ കഴിയുന്ന സിദ്ദീഖിന് അൽപനേരം പോലും മാറിക്കഴിയാനാകാത്ത മാനസിക സ്നേഹ ബന്ധത്തിന്റെ പരിശുദ്ധ ലയം ചേർത്ത് വെക്കുന്നതാണെന്ന് ഓർമ്മപ്പെടുത്തുകയാണാ ഉത്തരങ്ങൾ. ആ ഉത്തരങ്ങൾ നമ്മുടെ ഉത്തരങ്ങളാക്കാനുള്ള ആത്മാർത്ഥ മായ ശ്രമമാണ് വേണ്ടത്. അല്ലാഹു അനുഗ്രഹിക്കട്ടെ.

# എല്ലാത്തിനും പരിഹാരം

മനുഷ്യർ വേദനയിലാണ്. വേദന കടിച്ച് തിന്നുന്ന ധാരാളം സ്ത്രീ പുരുഷന്മാർ. കഷ്ടതകൾ അലട്ടുന്നവർ. കഷ്ടപ്പാടുകൾ കൂടെ പിറപ്പായവർ. എല്ലാവർക്കും പരി ഹാരം വേണം. ദുരിതം നീങ്ങണം. ദുരന്തം ഒഴിയണം. പ്രയാസങ്ങൾ അകലണം. എന്താണ് വഴി. അവർ അന്വേ ഷിച്ചു പലതിലും എത്തിച്ചേർന്നു.

മുസ്ലിംകൾ ചെയ്യാൻ പാടില്ലാത്തത് അവർ ചെയ്തു. വേദനകളുടെ കാഠിന്യം അരുതാത്തതഖിലം ചെയ്യാൻ അവരെ പ്രേരിപ്പിച്ചു. അല്ലാഹുവും റസൂൽ(സ)യും വിലക്കിയതിലേക്കവർ നടന്നടുത്തു. വഴികാട്ടികൾ എന്ന്

അവർ കരുതിയവർ യഥാർത്ഥത്തിൽ അല്ലാഹുവിലേക്കുള്ള വഴിമുടക്കുകയായിരുന്നു.

വിവരമുള്ളവർ വിവരക്കേടിലേക്ക് തള്ളി വിടുകയായിരുന്നു. പണ്ഡിതർ എന്ന് കരുതി മുന്നിൽ നടത്തിയവർ കടുത്ത ശിർക്കിലേക്കും കുഫ്റിലേക്കും അവരെ തള്ളിയിടുകയായിരുന്നു. എല്ലാവർക്കും ഒരേ ഒരു ലക്ഷ്യമായിരുന്നു. പണം. പണക്കൊതിയിൽ ദീനും ഇസ്ലാമും മറന്നവർ പണത്തിനായി തിരുവചനത്തെയും തിരു ദൂതരെയും അകറ്റി നിർത്തിയഒക്കത. കാരണങ്ങൾ പറഞ്ഞ് പാവങ്ങളെ ഈമാനിൽ നിന്നും അകറ്റാനുള്ളതഖിലം നിർദ്ദേശിച്ചവർ.

റസൂൽ(സ)യുടെ യഥാർത്ഥ പ്രതിനിധികൾ ഖിയാമത് നാൾവരെയുണ്ടാകും. അവരുടെ കയ്യിൽ എല്ലാറ്റിനുമുള്ള പരിഹാരവും ഉണ്ടാകും. പ്രവാചകർ(സ)പറഞ്ഞു വെച്ചത് അവരിലൂടെ ലഭിക്കുമ്പോൾ പരിഹാരമായി ഭവിക്കുകയും ചെയ്യും.

ഈ തിരിച്ചറിവാണ് പുതിയലോകത്തിന് നഷ്ടപ്പെട്ടത്. അവർ ആൾക്കൂട്ടത്തെ നോക്കി എണ്ണത്തിന്റെ അക്കവർദ്ധന അംഗീകരിക്കാത്തതിന്റെ മാനദണ്ഡമായി അവർ തെരെഞ്ഞെടുത്തു. ആൾക്കൂട്ടത്തിന്റെ അട്ടഹാസം അവർക്ക് സമാധാനവും പരിഹാരവും ഉണ്ടാക്കുമെന്നവർ തെറ്റിദ്ധരിച്ചു. ജനായിരങ്ങളുടെ ആർപ്പ് വിളിയാണ് പരിഹാരത്തിന്റെ അളവുകോലെന്നവർ നിനച്ചു. അതെല്ലാം കേവലം നൈമി

ഷിക വികാര പ്രകടനങ്ങളാണെന്ന് തിരിച്ചറിഞ്ഞ് തുടങ്ങിയപ്പോഴേക്കും തങ്ങളെനിയന്ത്രിക്കാൻ പുതിയ തലമുറ മക്കളായും ശരണധാതാക്കളായും വളർന്ന് കഴിഞ്ഞിരിക്കുന്നു.

സുഹൃത്തെ, ആലോചിക്കുക തിരുദൂതരുടെ വചനങ്ങൾ.

**اكثروا من الصلوة علي فانها تحل العقد وتفرج الكرب**

വേദങ്ങൾ ഒഴിവാക്കാനും ദുരിതങ്ങളെയും മറ്റും കെട്ടഴിക്കാനും തിരു ദൂതരുടെ മേൽ സ്വലാത്ത് അധികരിപ്പിക്കണമെന്ന്.

തിരുദൂതർ(സ)യെ ഓർക്കണം. തിരു സാന്നിധ്യം എവിടെയുണ്ടോ അവിടെ അസ്വസ്ഥതകൾ അകന്ന് നിൽക്കും. തിരു ദുതർ(സ) ആരിലുണ്ടോ അവരെ അല്ലാഹു ശിക്ഷിക്കുകയില്ലെന്നത് ഖുർആൻ പറയുന്ന സത്യമാണ്.

അധികമായി സ്വലാത്ത് വർദ്ധിപ്പിക്കണം. ഒരു നിമിഷം പോലും തിരുദൂതരെ ഓർക്കാതെ പോകുന്ന അവസ്ഥയുണ്ടാക്കരുത്. നമുക്ക് അപകടങ്ങളിൽനിന്ന് മോചനം ദുനിയാവിലും ആഖിറത്തിലും ലഭിക്കാനുള്ള ഒറ്റമൂലിയാണത്.

കെട്ടുകൾ അഴിക്കുന്നതിന് സ്വലാത്ത് മതി. വേദനകൾ അകറ്റുന്നതിനും സ്വലാത്ത് തന്നെ മതി.

പലവിധ കെട്ടുകൾ ഉണ്ട്. നൂലുകളിൽ കെട്ടി ഊതുന്നതിലൂടെ മനുഷ്യന് അസ്വസ്ഥതകൾ ഉണ്ടാകുന്നവർ. ജീവിതത്തിന്റെ രണ്ടറ്റം കൂട്ടി മുട്ടിക്കുന്നതിന് വേണ്ടി പെടാപാടു പെടുന്നതിനിടയിൽ അസ്വസ്ഥതതകൾ തീർക്കുന്ന വിധം കെട്ടുകളുമായി ഇസ്‌ലാമേതര ആരാധ്യന്മാരുടെ ചാരെ ചെന്ന് എല്ലാം അർപ്പിച്ച് അപരന്റെ ജീവിതത്തിന്റെ സുഖമമായ യാത്രയ്ക്കുമുന്നിൽ കെട്ടിയിടുന്നവർ.

വിഗ്രഹങ്ങളിലും ദേവതകളുടെ മുന്നിലും അഴിക്കാൻ കഴിയാത്ത കെട്ടുകൾക്ക് വേണ്ടി ക്യൂ നിൽക്കുന്ന മുസ്‌ലീം പേരുള്ളവർ. അയൽക്കാരനെ കൂടുതൽ കുരുക്കുന്ന കയറിൽ ആനന്ദം കണ്ടെത്തുന്നവർ. കുടുംബബന്ധത്തിന്റെ മഹത്തമറിയാത്ത, മഹാത്മ്യം പരിഗണിക്കാത്ത, പൈശാചിക ലോകത്തിന്റെ ബന്ധുക്കൾ. മറ്റുള്ളവരെ പ്രയാസപ്പെടുത്താൻ പലവിധ കെട്ടുകൾ ആവിഷ്ക്കരിച്ച് വെച്ചിരിക്കുന്നു.

ചാലിലൊഴുകുന്ന മത്സ്യങ്ങളെ വേട്ടയാടാൻ കൂടുവെക്കുന്നവരെപ്പോലെ ഒരാളും തന്റെ കരവിരുതുകളുടെ വിക്രിയകളിൽ നിന്ന് രക്ഷപ്പെടരുതെന്ന് കരുതി നെറ്റ് വിരിക്കുന്നവർ. അതിന് വേണ്ടി ക്യാഷെറിഞ്ഞ് മറ്റുള്ളവരുടെ വേദനയിൽ സുഖം കണ്ടെത്തുന്ന സൃഷ്ടികൾ. എല്ലാവരുടെയും വികൃത വിചാരങ്ങളിൽ രൂപപ്പെട്ട കുതന്ത്രങ്ങൾക്കുള്ള പരിഹാരമാണ് സ്വലാത്ത്. സ്വലാത്തിലൂടെ, നൽകാൻ അർഹരായവർ നൽകു ന്ന സ്വലാത്തിലൂടെ ഹൃദയത്തിലും ആത്മാ

വിലും തിരു ദൂതരുടെ സാന്നിദ്ധ്യം നിലനിർത്താനാകും. തിരു ദൂദർ എവിടെയുണ്ടോ അവിടെ ശൈത്താനില്ല, ഇബ്‌ലീസില്ല. ഇബ്‌ലീസിയൻ തന്ത്രവിദ്യകൾക്കവിടെ പ്രസക്തിയില്ല.

നാം തിരിച്ചറിയേണ്ട നന്മ അതാണ്. ദുനിയാവും ആഖിറവും നന്നാകുന്ന സ്വലാത്ത്. സ്വലാത്തിന്റെ യഥാർത്ഥ വാഹകന്മാരാകാൻ ശരിയായ പ്രവാചകാനന്തരാവകശികളിൽ നിന്നത് ചേർത്ത് വെക്കാൻ അവസരം അന്വേഷിച്ച് കണ്ടെത്തുക. പുണ്യറസൂൽ(സ)ന്റെ വിശുദ്ധ സാന്നിദ്ധ്യത്തിന് നിലമൊരുക്കാൻ നമ്മുടെ മനസ്സിനും ആത്മാവിനും കഴിയണം. അകക്കാമ്പിന്റെ സ്പന്ദനങ്ങൾ സ്വലാത്തിന്റെ മധുരം വിടരുന്നതാക്കാൻ കഴിയണം.

മദീനയുടെ സുഗന്ധ മനസിലൂടെ പ്രപഞ്ചങ്ങളെ സുഖമുള്ളതാക്കണം. കെട്ടുബന്ധങ്ങളും കൂട്ടുകെട്ടുകളും അതിലൂടെ സമ്പന്നമാകണം. എപ്പോഴും സ്വലാത്തിന്റെ വസന്തം വിടരുന്ന നിമിഷങ്ങളായാൽ ശൈത്താൻ അസ്വസ്ഥനാകും. അവൻ അലറിവിളിക്കും. അകന്ന് ഒഴിയും.

നന്മയ്ക്കു പകരം തിന്മ തിരഞ്ഞെടുത്തവർക്ക് തൗഹീദിന്റെ പരിപാവനത്വം സംരക്ഷിക്കാനാകും. ശിർക്കിന്റെ കൂടാരങ്ങൾ തേടിയോടുന്ന സഹോദരരുടെ ഹൃദയങ്ങളും വിചാരങ്ങളും മദീനയുടെ മാരനെ തേടി നിര

ന്തരം ത്വൈബയിലെത്തും. എന്നും ആനന്ദവും ആഹ്ലാദവും കളിയാടുന്ന സുന്ദര നിമിഷങ്ങൾ രൂപപ്പെടും.

ഈമാൻ എങ്ങനെയാണ് അംന് നൽകുന്നതെന്ന് സ്വലാത്തിലൂടെ തിരിച്ചറിയുക. ആ തിരിച്ചറിവിലേക്ക് നാം വരുന്നതോടെ കുടുംബവും കൂട്ടുകാരും ആ വസന്തത്തിലെത്തും. നമ്മുടെ പരിസരവും പരിസരവാസികളും ആ പ്രകാശത്തിന്റെ തോരാത്ത വർഷത്തിന്റെ പ്രഭയിൽ നിർവൃതരാകും. അല്ലാഹു അനുഗ്രഹിക്കട്ടെ.